

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.ഐ.ഡി.കെ.പി.5/1263/2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 07/01/2026
ഇ-മെയിൽ:
doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 07/01/2026
കെ.എസ്.എ.ഐ.ഡി.കെ.പി.5/1263/2025

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 19-08-2024 മുതൽ 21-10-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 25-10-2025 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ രാജേഷ് സി ഹരിപാൽ	ഡെപ്യൂട്ടി ഡയറക്ടർ	21-10-2025	25-10-2025

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
21-10-2025	25-10-2025

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ ഷാന്റി ജോർജ് , ഓഡിറ്റ് ഓഫീസർ
ശ്രീമതി അനീറ്റ പി സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീ.സാമുവൽ രാജ് ,അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി മായാകൃഷ്ണൻ സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.ബിനുമോൻ കെ.സി ,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീ.അരുൺ മോഹൻ ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സിന്ധു ജോസ്	പ്രസിഡന്റ്	01-04-2024	27-11-2024
ശ്രീമതി.ജോസ്മി ജോർജ്ജ്	പ്രസിഡന്റ്	28-11-2024	31-03-2025

ശ്രീ.ജോജോ പി.ജി	സെക്രട്ടറി	01-04-2024	22-08-2024
ശ്രീ.ജോഷി എം.മണി	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-08-2024	11-09-2024
ശ്രീ.സുനിൽ എം.എസ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	12-09-2024	22-10-2024
ശ്രീ.അഗസ്റ്ററിൻ ജോസഫ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-10-2024	26-11-2024
ശ്രീ.രഘുനാഥ് ബാബു	സെക്രട്ടറി-ഇൻ-ചാർജ്ജ്	27-11-2024	01-01-2025
ശ്രീ.അഗസ്റ്ററിൻ ജോസഫ്	സെക്രട്ടറി-ഇൻ-ചാർജ്ജ്	02-01-2025	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ഡോ.റോമിയോ സണ്ണി	വെറ്ററിനറി സർജൻ മുരിക്കാശ്ശേരി	01-04-2024	31-03-2025
ഡോ.ആനന്ദ് തോപ്പിൽ	വെറ്ററിനറി സർജൻ,തോപ്രാംകുടി	01-04-2024	31-03-2025
ശ്രീമതി.വിഷ്ണുപ്രിയ റ്റി	കൃഷി ഓഫീസർ	01-04-2024	31-03-2025
ഡോ.അഞ്ജലി എം.ആർ	മെഡിക്കൽ ഓഫീസർ സി.എച്ച്.സി	01-04-2024	31-03-2025
ഡോ.കൃഷ്ണപ്രിയ കെ.ബി	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	01-04-2024	16-01-2025
ഡോ.അനുശ്രീ ശ്രീകുമാർ	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	17-01-2025	07-02-2025
ഡോ.സിന്ധു	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	08-02-2025	15-03-2025
ഡോ.അനുശ്രീ ശ്രീകുമാർ	മെഡിക്കൽ ഓഫീസർ ആയുർവ്വേദം	16-03-2025	31-03-2025
ഡോ.സൌമ്യ .കെ	മെഡിക്കൽ ഓഫീസർ,ഹോമിയോ	01-04-2024	31-03-2025
ശ്രീമതി .ഇന്ദുലേഖ വി	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	01-04-2024	29-05-2024
ശ്രീമതി.കുമാരി വി.വി	ഐ.സി.ഡി.എസ് .സൂപ്പർവൈസർ	30-05-2024	31-03-2025
പ്രഷിഷാൽ കുര്യന	ഹെഡ്മാസ്റ്റർ	01-04-2024	31-03-2025
ശ്രീ.കിരൺ ജോസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2024	28-05-2024
ശ്രീമതി നിഷ രവി	ഡയറി ഫാം ഇൻസ്ട്രക്ടർ	29-05-2024	31-03-2025
ശ്രീമതി ബിന്ദു ജൊസഫ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,വാത്തിക്കുടി സർക്കിൾ	01-04-2024	31-03-2025
ശ്രീ.ജോൺസൻ എം.വി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ,പെരുംതൊട്ടി സർക്കിൾ	01-04-2024	31-03-2025
ശ്രീ.സൽമാൻ വി.എ	അസി.എഞ്ചിനീയർ	01-04-2024	29-05-2024
ശ്രീ.സനി എം.നായർ	അസിസ്റ്റന്റ് എൻജിനീയർ	30-05-2024	08-11-2024
ശ്രീ.ജയരാജ് വി.കെ	അസിസ്റ്റന്റ് എൻജിനീയർ	09-11-2024	31-03-2025
ശ്രീ.ജോഷി.എം.മണി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2024	11-09-2024
ശ്രീ.സുനിൽ എം.എസ്	അസിസ്റ്റന്റ് സെക്രട്ടറി	12-09-2024	22-10-2024
ശ്രീ.അഗസ്റ്ററിൻ ജോസഫ്	അസി.സെക്രട്ടറി	23-10-2024	26-11-2024
ശ്രീ.രഘുനാഥ് ബാബു	അസിസ്റ്റന്റ് സെക്രട്ടറി	27-11-2024	01-01-2025
ശ്രീ അഗസ്റ്ററിൻ ജോസഫ്	അസിസ്റ്റന്റ് സെക്രട്ടറി	02-01-2025	31-01-2025
ശ്രീ.സുനിൽ എം.എസ്	അസിസ്റ്റന്റ് സെക്രട്ടറി	01-02-2025	31-03-2025

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-2
4	അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല	1-1-3
5	ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-4
6	ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-5
7	Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല	1-1-6
8	ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല	1-1-7
9	വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന വിധം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	1-1-8
10	കാലഹരണപ്പെട്ട ഋണശീർഷവരവുകൾ ബാദ്ധ്യതയായി തുടരുന്നു	1-1-9
11	ഷെഡ്യൂൾ B-5, B-16 എന്നിവയിലെ നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-1-10
12	കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് - കണക്കുകളിൽ വ്യതിയാനം	1-1-11
13	സാമ്പത്തികവിശകലനം	1-2
14	ബജറ്റ്	1-3
15	ഗ്രാന്റ് വിനിയോഗം	1-4
16	പദ്ധതി അവലോകനം	1-5
17	തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമപെൻഷനുകൾ	1-7
19	ക്യാഷ്ബാലൻസ്	1-8
20	ആഭ്യന്തരനിയന്ത്രണം	1-9
21	തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.	1-10
22	വസ്തുനികുതി - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല	1-11
23	വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല	1-12
24	പ്രഭാതഭക്ഷണവിതരണം - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ - ₹1,39,500/- തടസ്സപ്പെടുത്തുന്നു	1-13
25	യു.പി.എസ്.വാങ്ങൽ - അപാകങ്ങൾ	1-14
26	വാടകകക്കുടിശ്ശിക ഈടാക്കുവാനവശേഷിക്കുന്നു	1-15
27	കെട്ടിടനിർമ്മാണപെർമിറ്റ് ഫീസ് - കുറഞ്ഞനിരക്കിൽ ഈടാക്കി	1-16
28	വാണിജ്യ - പൊതുസ്ഥാപനങ്ങൾ ഹരിതസ്ഥാപനമാക്കാൻ ബിൻ വിതരണം - സപ്ലൈ ഓർഡർ പ്രകാരമുള്ളവ ലഭ്യമാക്കിയില്ല - മറ്റ് അപാകങ്ങൾ - ₹39,76,086/- നിരാകരിക്കുന്നു	1-17
29	അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ അപാകങ്ങൾ - രേഖകൾ ഹാജരാക്കിയില്ല - ₹12,13,156/- തടസ്സപ്പെടുത്തുന്നു	1-18
30	ദൈവമേട് കുടിവെള്ളപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല	1-19
31	കുടിവെള്ളവിതരണം - രേഖകളുടെ അഭാവം - ₹2,88,228/- തടസ്സപ്പെടുത്തുന്നു	1-20
32	ഓണം അഡ്വാൻസ് - തിരികെ ഈടാക്കാനവശേഷിക്കുന്നു.	1-21
33	ഹെൽത്ത് ഗ്രാന്റ് - അവലോകലനം	1-22
34	ജൽജീവൻ മിഷൻ - അവലോകനം	1-23
35	ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല	1-24
	ഭാഗം 2	

--- No Records Found ---		
ഭാഗം 3		
1	വാണിജ്യ - പൊതുസ്ഥാപനങ്ങൾ ഹരിതസ്ഥാപനമാക്കാൻ ബിൻ വിതരണം - സപ്ലൈ ഓർഡർ പ്രകാരമുള്ളവ ലഭ്യമാക്കിയില്ല - മറ്റ് അപാകങ്ങൾ - ₹39,76,086/- നിരാകരിക്കുന്നു	3-1
ഭാഗം 4		
1	മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന	4-1
2	സംയുക്തപദ്ധതികളുടെ ഫണ്ട് വിനിയോഗവിവരം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പയുടെ തിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ്/സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994 – ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 215(4), 2011 – ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാനഗവൺമെൻറ്/കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 26.06.2025 – ലെ 1 -ാം നമ്പർ കമ്മിറ്റി തീരുമാനപ്രകാരം തയ്യാറാക്കി 27.06.2025 – ൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിന്റെ 2025 മാർച്ച് 31 – ന് അവസാനിച്ച വർഷത്തിലെ റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെൻറ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്തീരാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്വം.

Ii. C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തികപ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തികപ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധറിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധറിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിന്റെ

2024-2025 വർഷത്തെ വാർഷികസാമ്പത്തികപ്രസ്താവനകൾ സാമ്പത്തികഫലത്തെക്കുറിച്ചും സാമ്പത്തികനിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
07.01.2026 ഡെപ്യൂട്ടി ഡയറക്ടർ

1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 62 (2)(ഇ), (എഫ്) എന്നിവ പ്രകാരം, വാർഷികധനകാര്യപത്രികയോടൊപ്പം സമർപ്പിക്കേണ്ട, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാധ്യതകൾ, ധനസഹായറിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന കുറിപ്പുകൾ, അടിസ്ഥാനഅനുപാതങ്ങൾ എന്നിവ വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കിയിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-2025 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹39,76,096/- ആണ്. എന്നാൽ ഇതേ പത്രികയിൽ 2024-2025 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹11,18,745/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 അക്രൂവൽ സമയത്ത് ഡിമാന്റ് എൻട്രി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതാണ്(2011 – ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽനെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതിത്തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാണ്. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃതഅനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ഗ്രാമപ്പഞ്ചായത്തിലെ 2024-2025 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും സാമ്പത്തികവർഷത്തെ ഡിമാന്റ് ഓരോ തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വരുമാനശീർഷകം	ജേണൽ വൗച്ചർ നമ്പർ/തീയതി	ഒറ്റത്തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക (₹)
110100101 – Property Tax On Residential Buildings	42401233/31.03.2025	23,29,123

110100102 – Property Tax On Non – Residential Buildings	42401234/31.03.2025	27,22,868
110200105 – Profession Tax - Traders	42401237/31.03.2025	4,43,310

1-1-4 ചെലവഴിക്കാൻ അവശേഷിക്കുന്ന ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി – 4 പ്രകാരം പ്രത്യേകോദ്ദേശ്യപദ്ധതികൾക്ക് ലഭിച്ച തുകകളിൽ ചെലവഴിക്കാത്ത തുകകളുടെ നീക്കിയിരിപ്പും ടി തുകകൾ സൂക്ഷിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പും തുല്യമാകേണ്ടതുണ്ട്. എന്നാൽ താഴെ ചേർക്കുന്ന പ്രത്യേകോദ്ദേശ്യഗ്രാന്റുകളുടെ ഷെഡ്യൂൾ ബി – 4 പ്രകാരമുള്ള നീക്കിയിരിപ്പും ടി ഫണ്ടുകളുടെ ബാങ്ക് അക്കൗണ്ടുകളുടെ ഷെഡ്യൂൾ ബി – 17 പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ശീർഷകം	ഷെഡ്യൂൾ ബി – 4 പ്രകാരമുള്ള നീക്കിയിരിപ്പ് (₹)	ബാങ്ക് അക്കൗണ്ട് നം.	ഷെഡ്യൂൾ ബി – 17 പ്രകാരമുള്ള നീക്കിയിരിപ്പ് (₹)	വ്യത്യാസം
320100197	1,235	2000003105	1,260	25
320300102	23,35,969	UBI/0192	21,25,261	2,10,708

1-1-5 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പ് വാർഷികകണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

പഞ്ചായത്തിന്റെ കേരള ബാങ്കിലുള്ള ജവഹർ ലോൺ അക്കൗണ്ട് (A/C No.137060810000019) വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ടി അക്കൗണ്ടിൽ 31.03.2025 – ൽ ₹15,10,366/- നീക്കിയിരിപ്പുണ്ട്. നീക്കിയിരിപ്പുള്ള എല്ലാ അക്കൗണ്ടുകളും വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

1-1-6 Prior Period Items - അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക് ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18, ഐ-19) പ്രകാരം “190000000 - Prior Period Income”, “290000000 - Prior Period Expenditure” എന്നീ ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ, ജേണൽ വൗച്ചർ മുഖേന എഴുതിത്തള്ളിയ തുകകൾക്കും വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല. ജേണൽ വൗച്ചറുകൾക്ക് ഉപോത്ബലകമായ വർക്ക് ഷീറ്റുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യുൾ I-18)	31.03.2025 – ലെ ലെഡ്ജർ ബാക്കി (₹)

290800501 – Prior Period Expense – Programme Expenses	-1,00,54,336
ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ, I-19)	31.03.2025 – ലെ ലെഡ്ജർ ബാക്കി
190100102 – Prior Period Income - Profession Tax – Institutions/Professionals/Traders	9,300
190200401 – Prior Period Income – Other Incomes	54,88,418

1-1-7 ബാങ്ക് അക്കൗണ്ട് പരിശോധനയ്ക്ക് ഹാജരാക്കിയില്ല

₹14,561/- നീക്കിയിരിപ്പുള്ള NATIONALISED BANK അക്കൗണ്ടിന്റെ സ്റ്റേറ്റ്മെന്റ്/പാസ്ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-8 വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന വിധം രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

വാർഷികകണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ, ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഗ്രാന്റ് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

1-1-9 കാലഹരണപ്പെട്ട ഇനശീർഷവരവുകൾ ബാദ്ധ്യതയായി തുടരുന്നു

വാർഷികകണക്ക് ഷെഡ്യൂൾ – 9 പ്രകാരം, കാലഹരണപ്പെട്ട നികുതിയായ വാറ്റ് ഇനത്തിൽ ₹2,97,534/- സർക്കാർ ഫണ്ടിലേക്ക് ക്രമീകരിക്കാനുള്ളതായി കാണുന്നു. തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-1-10 ഷെഡ്യൂൾ B-5, B-16 എന്നിവയിലെ നീക്കിയിരിപ്പുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി - 5 – ൽ, ₹2,60,14,775/- – യും, ഷെഡ്യൂൾ ബി – 16 – ൽ ₹2,76,14,775/- – യുമാണ് നീക്കിയിരിപ്പുള്ളത്. നീക്കിയിരിപ്പ് തുകകൾ തമ്മിൽ ₹16,00,000/- – യുടെ വ്യത്യാസം നിലനില്ക്കുന്നു. അപാകം പരിഹരിക്കേണ്ടതാണ്.

1-1-11 കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് - കണക്കുകളിൽ വ്യതിയാനം

കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് പരിശോധിച്ചതിൽ, വാർഷികകണക്ക്, ഗ്രാന്റ് സ്റ്റേറ്റ്മെന്റ് എന്നിവയിലെ വരവ് – ചെലവ് നീക്കിയിരിപ്പ് കണക്കുകളിൽ കണ്ട വ്യത്യാസം ചുവടെ കൊടുക്കുന്നു.

ർഷികകണക്ക് പ്രകാരം (₹)					ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം (₹)			
ഗ്രാന്റിനം	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് – അൺടൈഡ്	34,42,959	67,05,260	30,17,404	71,30,815	0	49,86,384	30,16,214	19,70,170
കേന്ദ്രധനകാര്യകമ്മീഷൻ ഗ്രാന്റ് – അൺടൈഡ്	78,63,888	90,34,213	52,95,122	1,16,02,979	0	1,56,25,802	62,53,331	93,72,471

കണക്കുകളിൽ വ്യതിയാനം വന്നതിന് കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

1-2 സാമ്പത്തികവിശകലനം

മുന്നിരിപ്പ് (₹)	3,55,22,646
വരവ് (₹)	5,80,07,815
ആകെ (₹)	9,35,30,461
ചെലവ് (₹)	5,40,31,719
നീക്കിയിരിപ്പ് (₹)	3,94,98,742

1-3 ബജറ്റ്

24.02.2024/1(1) - ൽ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി അവതരിപ്പിച്ച ₹76,10,534/- മുന്നിരിപ്പും ₹43,84,20,784/- വരവും ₹43,49,08,267/- ചെലവും ₹35,12,517/- നീക്കിയിരിപ്പും പ്രതീക്ഷിച്ച ബജറ്റ്, 27.02.2024/1(1) – ൽ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. തൻവർഷത്തെ പുതുക്കിയ ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	പുതുക്കിയ ബജറ്റ് പ്രകാരം (₹)
മുന്നിരിപ്പ്	76,01,534
വരവ്	37,98,10,250
ആകെ	38,74,11,784
ചെലവ്	38,20,84,716
നീക്കിയിരിപ്പ്	53,27,068

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റ്		മുന്നിരിപ്പ് (₹)	അലോട്ട്മെന്റ് (₹)/ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
വികസനഫണ്ട്	പൊതുവിഭാഗം	0	2,95,97,000	2,95,97,000	2,38,38,351	57,58,649
	എസ്.സി.പി.	0	25,19,000	25,19,000	15,94,218	9,24,782
	ടി.എസ്.പി.	0	8,39,000	8,39,000	3,90,376	4,48,624
15-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ്	ഉപാധിരഹിതം	34,42,959	67,05,260	1,01,48,219	30,17,404	71,30,815
	ഉപാധി	78,63,888	90,34,213	1,68,98,101	52,95,122	1,16,02,979
സംരക്ഷണഗ്രാന്റ്	റോഡ്	0	1,34,51,000	1,34,51,000	1,17,15,122	17,35,878
	റോഡിതരം	0	1,09,34,000	1,09,34,000	79,07,562	30,26,438
ധനകാര്യകമ്മീഷൻ ശുപാർശ പ്രകാരമുള്ള ഹെൽത്ത് ഗ്രാന്റ്	DIAGNOSTIC	15,16,574	4,48,635	19,65,209	5,98,120	13,67,089
	BUILDINGS	28,05,500	91,569	28,97,069	27,75,000	1,22,069
	WELLNESS CENTRE	8,27,675	6,56,332	14,84,007	6,32,000	14,88,031
ഐ.സി.ഡി.എസ്.		21,41,954	33,26,617	54,68,571	11,84,838	42,83,733
എം.പി. അവാർഡ്		2	0	2	0	2
സാക്ഷരത		1,235	0	1,235	0	1,235
ജലനിധി		23,07,522	28,447		0	23,35,969

പ്രത്യേകോദ്ദേശ്യ ഗ്രാന്റ് – 320300199 (Life – State Share, Pulse Polio Campaign Etc.)	14,82,912	7,00,000	21,82,912	9,60,000	12,22,912
ജില്ലാപ്പഞ്ചായത്ത് വിഹിതം (PMGSY – ബഥേൽ മില്ലുംപടി റോഡ് നിർമാണം)	7,10,950	0	7,10,950	0	7,10,950
സമ്പൂർണശുചിത്വയജ്ഞം	14,148	6,62,128	6,76,276	6,52,986	23,290
ശുചിത്വമിഷൻ ഗ്രാന്റ്	3,68,046	0	3,68,046	0	3,68,046
കുടുംബശ്രീ അവാർഡ്	10,000	0	10,000	0	10,000
തിരിച്ചറിഞ്ഞിട്ടില്ലാത്ത ഹെഡ്ഡുകളിലെ തുകകൾ 1. 320100999	1,10,473	0	1,10,473	0	1,10,473
2. 320200305	39,145	0	39,145	0	39,145
3. 320200299	3,00,500	0	3,00,500	0	3,00,500
4. 320200307	4,00,000	0	4,00,000	0	4,00,000
5. 320400199	58,946	0	58,946	0	58,946
6. 320700404	2,85,000	0	2,85,000	0	2,85,000
7. 320200399	8,99,232	0	8,99,232	711	8,98,521
വെള്ളപ്പൊക്കദുരിതാശ്വാസം	80	0	80	0	80

*ധനകാര്യകമ്മീഷൻ ഗ്രാന്റ് – ടൈഡ്-അൺടൈഡ്, ഇനങ്ങളുടെ വരവ് – ചെലവ് കണക്കുകൾ വാർഷികകണക്കിലും ഗ്രാന്റ് പത്രികയിലും വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വിശദീകരിക്കുപ്പെട്ടിട്ടില്ല. വാർഷികകണക്കിലെ തുകകളാണ് പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1-4-1 സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്ത താഴെ പറയുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ടിനം	ലൈഫ് വായ്പ, മുതൽ, തിരിച്ചടവ് (₹)	അങ്കണവാടി ഓണറേറിയം (₹)	179/22	ആകെ (₹)
വികസനഫണ്ട് (ജനറൽ)	30,38,401	13,14,000	2,95,970	46,48,371
വികസനഫണ്ട് (SCP)	1,36,661	-	-	1,36,661
വികസനഫണ്ട് (TSP)	1,37,561	-	-	1,37,561

1-4-2 ലാപ്സായ തുകയുടെ വിശദാംശങ്ങൾ

15.07.2021 – ലെ സ.ഉ.(കൈ)നം.79/2021/ധന. പ്രകാരം, ഒരു സാമ്പത്തികവർഷം അനുവദിക്കുന്ന വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നിവയുടെ 80 % ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമാണ് അടുത്ത സാമ്പത്തികവർഷം ക്യാരി ഓവർ ചെയ്യുന്നത്. തൻവർഷം നിശ്ചിതശതമാനം ചെലവ് കൈവരിക്കാത്തതിനാൽ 2026-2027 വർഷം വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീയിനത്തിൽ ആകെ ₹15,41,444/- ലാപ്സാകുന്നതാണ്. വിശദാംശം താഴെ ചേർക്കുന്നു.

ക്രമ നം.	ഫണ്ടിനം	അലോട്മെന്റ് (₹)	യഥാർത്ഥ ചെലവ് (₹)	ബാക്കി (₹)	ചെലവ് ശതമാനം (%)	2025-2026 – ൽ അനുവദിക്കുന്ന 20 % ക്യാരി ഓവർ തുക (₹)	ഷോർട്ഫോളിനത്തിൽ 2026-2027 വർഷം നഷ്ടമാകുന്ന തുക (₹)

1	വികസനഫണ്ട് - എസ്.സി.പി.	25,19,000	15,94,218	9,24,782	63.28	5,03,800	4,20,982
2	വികസനഫണ്ട് – ടി.എസ്.പി.	8,39,000	3,90,376	4,48,624	46.52	1,67,800	2,80,824
3	സംരക്ഷണഗ്രാന്റ് നോൺ – റോഡ്	1,09,34,000	79,07,562	30,26,438	72.32	21,86,800	8,39,638
ആകെ							15,41,444

1-5 പദ്ധതി അവലോകനം

തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതിച്ചെലവ് (₹)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം (%)
235	14,60,40,641	153	7,25,85,637	82	65.10

എ. വിവിധ നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവ് വിവരം.

നിർവഹണോദ്യോഗസ്ഥൻ	ആകെ പദ്ധതികളുടെ എണ്ണം	നടപ്പാക്കിയ പദ്ധതികളുടെ എണ്ണം	അടങ്കൽ (₹)	ചെലവ് (₹)	ചെലവ് ശതമാനം (%)
കൃഷി ഓഫീസർ	6	5	60,05,618	20,15,550	33.56
വെറ്ററിനറി സർജൻ	5	5	44,91,000	44,26,861	98.57
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	8	6	43,85,441	15,40,664	35.13
മെഡിക്കൽ ഓഫീസർ (ഹോമിയോ)	4	4	7,07,000	6,93,661	98.11
മെഡിക്കൽ ഓഫീസർ (ആയുർവ്വേദം)	5	5	21,05,000	21,05,000	100
ICDS സൂപ്പർവൈസർ	10	8	70,48,050	59,36,021	84.22
വി.ഇ.ഒ. – 1	7	5	46,01,400	25,70,137	55.85
വി.ഇ.ഒ. – 2	7	6	3,18,36,000	70,48,237	22.13
ക്ഷീരവികസന ഓഫീസർ	2	2	76,07,740	39,34,441	51.71
സെക്രട്ടറി	35	21	2,15,44,634	1,22,92,927	57.05
ഹെഡ്മാസ്റ്റർ	4	4	3,56,000	3,41,617	95.95
അസിസ്റ്റന്റ് എഞ്ചിനീയർ	121	66	5,17,56,745	2,60,87,102	50.40
അസിസ്റ്റന്റ് സെക്രട്ടറി	21	16	1,30,83,079	70,15,184	53.62
ആകെ	235	153	14,60,40,641	7,25,85,637	49.70

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ് (₹)
ഭരണച്ചെലവുകൾ	0	8,55,494	8,55,494	8,55,494	0
അവിദഗ്ധതൊഴിലാളി	0	5,09,17,289	5,09,17,289	5,09,17,289	0
വിദഗ്ധതൊഴിലാളി	0	16,44,680	16,44,680	16,44,680	0
മെറ്റീരിയൽ വേല	0	1,00,98,000	1,00,98,000	1,00,98,000	0

1-7 ക്ഷേമപെൻഷനുകൾ

തൻവർഷം വിവിധ ക്ഷേമപെൻഷനുകൾക്ക് ഗ്രാമപ്പഞ്ചായത്ത് ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

ക്ഷേമപെൻഷന്റെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
വിധവ പെൻഷൻ	1,40,03,900	900
വാർദ്ധക്യകാലപെൻഷൻ	3,06,42,200	2036
വികലാംഗപെൻഷൻ	50,68,100	319
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതർക്കുള്ള പെൻഷൻ	3,43,800	20
കർഷകത്തൊഴിലാളി പെൻഷൻ	37,81,600	217

1-8 ക്യാഷ്ബാലൻസ്

1994 – ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് 23.10.2025 – ന് ഉത്തരവാദിത്ത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. പരിശോധനയിൽ ₹1,207/- (ആയിരത്തി ഇരുനൂറ്റി ഏഴ് രൂപ മാത്രം) ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപ്പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണസംവിധാനം വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജീവനക്കാരുടെ ചുമതലകൾ, ഓഫീസ് ഉത്തരവുകൾ മുഖേന വിഭജിച്ച് നൽകിയിട്ടുണ്ട്. ജനറൽ കമ്മിറ്റി, വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾ എന്നിവയുടെ മിനിറ്റ്സ് തയാറാക്കിയിട്ടുണ്ട്. ബജറ്റ്, ധനകാര്യപത്രിക എന്നിവ തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ റിക്കൺസിലിയേഷൻ 31.03.2025 വരെ മാത്രമാണ് തയാറാക്കിയിട്ടുള്ളത്. 1997 – ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ, ചട്ടം 15 പ്രകാരം, ഗ്രാമസഭകളിൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ചയ്ക്ക് വയ്ക്കണമെന്ന വ്യവസ്ഥ പാലിക്കുന്നില്ല. വിവിധ കാരണങ്ങളാൽ നിർവ്വഹണോദ്യോഗസ്ഥർക്ക് പദ്ധതി വിഹിതം പൂർണ്ണമായും ചെലവഴിക്കുന്നതിന് സാധിക്കാതിരുന്നുവെന്നത് സർക്കാർ ഗ്രാന്റ് ഇനത്തിൽ ലഭ്യമായതിൽ വൻതുക ലാപ്സാകുന്നതിനിടയാക്കി. ചെലവ് വൗച്ചറുകൾ, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

നികുതി – നികുതിയേതര വരവുകളുടെ രജിസ്റ്ററിൽ ഡി.സി.ബി. തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല. വായ്പ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ, സ്ഥിരനിക്ഷേപരജിസ്റ്റർ, വാർഷികകണക്കുമായി ബന്ധപ്പെട്ട രജിസ്റ്റർ തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.

വാങ്ങൽ നടപടി ക്രമങ്ങൾ.

വാങ്ങൽ നടപടി ക്രമങ്ങളിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള വാങ്ങൽ നടപടി ക്രമങ്ങൾ, സ്റ്റോർ പർച്ചേസ് മാന്വൽ എന്നിവ കൃത്യമായി പാലിക്കുന്നില്ല. ആവശ്യകതാ നിർണ്ണയം കൃത്യമായി നടത്തിയതിനുശേഷമല്ല വാങ്ങൽ നടപടികൾ ആരംഭിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 123, 124 എന്നിവ പ്രകാരം, ഓരോ സാമ്പത്തികവർഷത്തിന്റെ അവസാനവും അടുത്ത സാമ്പത്തികവർഷത്തേക്ക് വാങ്ങേണ്ട സാധനങ്ങളുടെ കണക്കെടുപ്പ് മുൻകൂട്ടി

നടത്തണമെന്നും അതനുസരിച്ച് ഇൻഡന്റ് തയ്യാറാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 08.11.2010 - ലെ സ.ഉ.(അ)നം.259/2010/ത.സ്വ.ഭ.വ. പ്രകാരം പുറപ്പെടുവിച്ച, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം, വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽത്തന്നെ നടത്തണം (2.3.(B). എന്നാൽ ഇത്തരം നടപടികൾ പാലിക്കപ്പെടുന്നില്ല.

മോണിട്ടറിംഗ്

വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല. പദ്ധതികളുടെ പൂർത്തീകരണത്തിനുശേഷം മോണിട്ടറിംഗ് സമിതികളുടെ തുടർപ്രവർത്തനം കാര്യക്ഷമമല്ല.

ആസ്തിനിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യവർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

1-10 തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിന്റെ 2024-2025 വർഷത്തെ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നം.	സ്ഥാപനം.	അർദ്ധവർഷം
1	ജി.എച്ച്.എസ്.എസ് തോപ്രാംകുടി.	രണ്ടാം അർദ്ധവർഷം
2	സെന്റ് മേരീസ് എച്ച്.എസ്.എസ് തോപ്രാംകുടി.	രണ്ടാം അർദ്ധവർഷം
3	സെന്റ് മേരീസ് എൽ.പി.എസ്, ചെമ്പകപ്പാറ.	രണ്ടാം അർദ്ധവർഷം
4	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക്, മുരിക്കാശ്ശേരി	ഒന്നും രണ്ടും അർദ്ധവർഷങ്ങൾ
5	ആപ്കോസ്,തോപ്രാംകുടി.	രണ്ടാം അർദ്ധവർഷം
6	ആപ്കോസ് രാജമുടി.	രണ്ടാം അർദ്ധവർഷം
7	ആപ്കോസ് പടമുഖം.	രണ്ടാം അർദ്ധവർഷം
8	ആപ്കോസ് ദൈവമേട്	രണ്ടാം അർദ്ധവർഷം

വിവിധസ്ഥാപനങ്ങളുടെ ഈടാക്കാനവശേഷിക്കുന്ന തൊഴിൽനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-11 വസ്തുനികുതി - വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി.രജിസ്റ്ററിലെയും കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല

വാർഷികധനകാര്യപത്രികയിലെയും ഡി.സി.ബി. രജിസ്റ്ററിലെയും വസ്തുനികുതി സംബന്ധിച്ച കണക്കുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഇനം	വാർഷികധനകാര്യപത്രിക പ്രകാരം (₹)			ഡി.സി.ബി. രജിസ്റ്റർ പ്രകാരം (₹)		
വസ്തുനികുതി	ഡിമാന്റ്	കളക്ഷൻ	ബാലൻസ്	ഡിമാൻ്റ്	കളക്ഷൻ	ബാലൻസ്
പാർപ്പിടം	19,97,724	23,29,123	22,07,248	27,62,979	21,11,410	6,48,834

പാർപ്പിടേതരം	29,14,294	27,22,868	19,39,041	36,30,857	30,58,025	5,71,238

കണക്കുകളിൽ വ്യത്യാസം വന്നതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.7/തീയതി. 22.10.2025) മറുപടി ലഭിച്ചില്ല. വസ്തുനികുതിയുടെ കണക്കുകൾ കൃത്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-12 വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതുക്കിയ നിരക്ക് ബാധകമാക്കിയില്ല

22.03.2023 – ലെ സ.ഉ.(കൈ)നം.77/2023/ത.സ്വ.ഭ.വ. - പ്രകാരം, 01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പരിഷ്കരണനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചുള്ളതിൻ പ്രകാരം 31.03.2023 വരെ നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് തുടർവർഷം 5 % വർദ്ധനവും 01.04.2023 മുതലുള്ള നികുതി നിർണ്ണയത്തിന് പുതിയ നിരക്കുമാണ് സർക്കാർ നിർദ്ദേശിച്ചത്. 05.04.2023 – ലെ സ.ഉ.(അച്ചടി) നം.25/2023/ത.സ്വ.ഭ.വ. - ലെ നിരക്കുകൾ പ്രകാരം, പഞ്ചായത്ത് ഭരണസമിതി 22.07.2023 – ലെ 4/1 തീരുമാനത്തിൽ നികുതി നിരക്കുകൾ അംഗീകരിച്ചു. എന്നാൽ 2024-2025 – ലെ സപ്ലിമെന്ററി അസസ്മെന്റ് ഡാറ്റാബേസ് പരിശോധിച്ചതിൽ നിന്നും 01.04.2023 – ന് ശേഷം നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

വാർഡ് നമ്പർ	കെട്ടിട നമ്പർ	ഉപ നമ്പർ	കെട്ടിടഉടമസ്ഥന്റെ പേര്	ഉപയോഗക്രമം	വിസ്തീർണം	നിലവിലെ നിരക്ക് (₹)	ഈടാക്കേണ്ട നിരക്ക് (₹)
2	249	J	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (49.77 ച.മീ.)	20	25
2	249	A	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (53.82 ച.മീ.)	30	40
2	249	B	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (22.03 ച.മീ.)	30	40
2	249	C	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (22.03 ച.മീ.)	30	40
2	249	D	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ ,റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (22.03 ച.മീ.)	30	40
2	249	G	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (52.74 ച.മീ.)	30	40
2	249	H	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ,	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണം ഉള്ള	താഴത്തെ നില (52.74 ച.മീ.)	30	40

			തേക്കിൻതണ്ട്, രാജപുരം.	ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ			
2	249	I	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (28.05 ച.മീ)	30	40
2	249	K	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (37ച.മീ.)	20	25
2	249	L	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ് , സിനിമ തിയേറ്റർ	ഒന്നാം നില (37ച.മീ.)	20	25
2	249	M	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (45 ച.മീ.)	20	25
2	249	N	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (38 ച.മീ.)	20	25
2	249	O	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (58 ച.മീ.)	20	25
2	249	P	ശ്രീ സുനി പോൾ, വള്ളോപ്പിള്ളിൽ, തേക്കിൻതണ്ട്, രാജപുരം.	അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ,ആഡിറ്റോറിയം, കല്യാണമണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ	ഒന്നാം നില (76 ച.മീ.)	20	25
2	370	A	ശ്രീ സെൽവം സെബാസ്റ്റ്യൻ നെല്ലിയേക്കുന്നേൽ മുരിയ്ക്കാശ്ശേരി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (96.7ച.മീ.)	30	40
2	379	A	ശ്രീമതി കത്രീന ജോസഫ് മുണ്ടിയാങ്കൽ വീട് മുരിക്കാശ്ശേരി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (219.68 ച.മീ.)	30	60
2	522	A8	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (80 ച.മീ.)	30	40
2	522	A9	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (80 ച.മീ.)	30	40
2	522	A10	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള	സെല്ലാർ (80 ച.മീ.)	30	40

			കഞ്ഞിക്കുഴി പി.ഒ.	ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ			
2	633	B1	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	-		
2	633	A1	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (73.68ച മീ)	30	40
2	633	A2	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (73.68ച മീ)	30	40
2	633	A3	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (73.68ച മീ)	30	40
2	633	A4	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (73.68ച മീ)	30	40
2	633	B1	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79ച മീ)	30	40
2	633	B2	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79ച മീ)	30	40
2	633	B3	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79 ച.മീ.)	30	40
2	633	B4	ശ്രീ അൻവർ കെ.എച്ച്. കാരിമറ്റം പതിനാറാംകണ്ടം രാജമുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79 ച.മീ.)	30	40
2	633	B5	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79 ച.മീ.)	30	40
2	633	B6	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79 ച.മീ.)	30	40
2	633	B7	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ,	താഴത്തെ നില (33.79 ച.മീ.)	30	40

				റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ			
2	633	B8	ശ്രീ ഹമാനുള്ള പൊന്നപ്പാല കഞ്ഞിക്കുഴി കഞ്ഞിക്കുഴി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (33.79 ച.മീ.)	30	40
2	740		ശ്രീ ജോസ് കാഞ്ഞൂക്കാരൻ മുരിക്കാശ്ശേരി മുരിക്കാശ്ശേരി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	സെല്ലാർ (98.8 ച.മീ.)	30	40
2	741		ശ്രീ ജോസ് കാഞ്ഞൂക്കാരൻ മുരിക്കാശ്ശേരി മുരിക്കാശ്ശേരി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (83.59 ച.മീ.)	30	40
2	742	A	ശ്രീ ഫ്രാൻസിസ് വെള്ളകുളമ്പേൽ മുരിക്കാശ്ശേരി മുരിക്കാശ്ശേരി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (45.01 ച.മീ.)	30	40
2	743	A	ശ്രീ ഫ്രാൻസിസ് വെള്ളകുളമ്പേൽ മുരിക്കാശ്ശേരി മുരിക്കാശ്ശേരി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (42 ച.മീ.)	30	40
2	744	A	ശ്രീ ഫ്രാൻസിസ് വെള്ളകുളമ്പേൽ മുരിക്കാശ്ശേരി മുരിക്കാശ്ശേരി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	താഴത്തെ നില (42ച മീ)	30	40
2	832	A-P	ശ്രീ ബിജോയി ജേക്കബ് പെരുന്നിലത്ത് തോപ്രാംകുടി തോപ്രാംകുടി പി.ഒ.	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	595.45	30	40
2	916	A-G	ശ്രീ സിജുപോൾ & ശ്രീമതി സ്മിത സിജു ചിറയ്ക്കൽ മുരിക്കാശ്ശേരി	വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ	274.55	30	40

01.04.2023 മുതൽ പുതുക്കിയ വസ്തുനികുതി നിരക്കുകൾ ബാധകമാണെന്നിരിക്കെ, പഴയ നിരക്കിൽ നിർണ്ണയിച്ചത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.16/തീയതി. 24.10.2025) മറുപടി നൽകിയില്ല. 01.04.2023 മുതൽ പുതുക്കിയ നിരക്കിൽ വസ്തുനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-13 പ്രഭാതഭക്ഷണവിതരണം - പദ്ധതി നടത്തിപ്പിൽ അപാകങ്ങൾ - ₹1,39,500/- തടസ്സപ്പെടുത്തുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	42/2025, പ്രഭാതഭക്ഷണവിതരണം
അടങ്കൽ (₹)	1,50,000/-(വികസനഫണ്ട് – പൊതുവിഭാഗം)
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
ചെലവ് (₹)	1,39,500/-
ബിൽ നം./തീയതി/തുക (₹)	241012520106015958 27/19.03.2025/54,800/-
	241012520106011578768/09.01.2025/37,200/-

	241012520106010429 40/16.12.2024/47,500/-

പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ താഴെ സൂചിപ്പിക്കുന്നു.

.തസ്വഭവ (ഡിഎ) യുടെ 26.11.2019 – ലെ ഡി.എ1/362/2019 – നം.സർക്കുലർ പ്രകാരം, സർക്കാർ പ്രൈമറി സ്കൂളിൽ പ്രഭാതഭക്ഷണം നൽകുന്നതിന് പദ്ധതി ആവിഷ്കരിക്കുമ്പോൾ, ടെണ്ടർ നടപടികളിലൂടെ കേറ്ററിങ്ങ് യൂണിറ്റുകൾ വഴി നടപ്പാക്കരുതെന്നും പി.റ്റി.എ. തീരുമാനിക്കുന്ന പാചകക്കാരൻ മുഖേന ആവണം ഭക്ഷണം തയ്യാറാക്കേണ്ടതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കുലറിലെ നിർദ്ദേശത്തിന് വിരുദ്ധമായി, ഹൈവേ പാലസ് എന്ന ഹോട്ടലിനാണ് ഗവ.എൽ.പി.സ്കൂളിൽ ഭക്ഷണം വിതരണം ചെയ്യാൻ അനുമതി നൽകിയത്.

.ഏതൊക്കെ ഭക്ഷണമാണ് ഉൾപ്പെടുത്തേണ്ടത് എന്ന വിവരങ്ങൾ ഉൾപ്പെടുത്തി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ വിവരങ്ങൾഇല്ല.

.ക്വട്ടേഷൻ ക്ഷണിച്ചാണ് വിതരണസ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുള്ളത്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഓരോ ഇനങ്ങളുടെയും വില ഉൾപ്പെടുത്താതെ ആഗസ്റ്റ് മുതൽ മാർച്ച് വരെ ഭക്ഷണം വിതരണം ചെയ്യുന്നതിനുള്ള ആകെത്തുകയാണ് ക്വോട്ട് ചെയ്തത്. സ്ഥാപനത്തെ തിരഞ്ഞെടുത്തതിന് ഭരണസമിതിയുടെ അംഗീകാരം ലഭിച്ചതിന്റെ വിവരങ്ങൾ ഇല്ല.

.ക്വട്ടേഷനിൽ, വിതരണസ്ഥാപനം സൂചിപ്പിച്ചിട്ടില്ലാത്ത ഭക്ഷണയിനങ്ങൾ നൽകിയ വിതരണം ചെയ്തു.

.ഒന്നു മുതൽ നാലു വരെ ക്ലാസ്സുകളിൽ ആകെ 16 കുട്ടികൾ മാത്രമാണ് സ്കൂളിൽ ഉള്ളതെങ്കിലും ഭക്ഷണവിതരണത്തിന് അർഹരായ കുട്ടികളുടെ ലിസ്റ്റിൽ, സ്വകാര്യ കെ.ജി. – ലെ കട്ടികളുൾപ്പടെ 24 കുട്ടികൾ ആണുള്ളത്. സ്വകാര്യ കെ.ജി. – ലെ കുട്ടികൾക്ക് സർക്കാർ സഹായത്തിന് അർഹതയില്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17/ തീയതി. 24.10.2025) മറുപടി നൽകിയില്ല. ത.സ്വ.ഭ.വ. (ഡിഎ) യുടെ 26.11.2019 – ലെ ഡി.എ1/362/2019 – നം.സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പാക്കാത്തതിനാലും സ്വകാര്യ കെ.ജി. – ലെ കുട്ടികൾക്ക് ആനുകൂല്യം നൽകിയതിനാലും പദ്ധതിച്ചെലവായ ₹1,39,500/- തടസ്സപ്പെടുത്തുന്നു. അപാകങ്ങൾ സംബന്ധിച്ച് തൃപ്തികരമായ വിശദീകരണം ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം പദ്ധതികൾ സർക്കാർ ഉത്തരവുകളിലെയും സർക്കുലറുകളിലെയും വ്യവസ്ഥകൾ പാലിച്ച് നടപ്പാക്കേണ്ടതുമാണ്.

1-14 യു.പി.എസ്.വാങ്ങൽ - അപാകങ്ങൾ

പദ്ധതി നം./പദ്ധതിയുടെ പേര്	166/25, പഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടറൈസേഷൻ
അടങ്കൽ (₹)	6,46,379/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് (₹)	6,40,851
ബിൽ നം./തീയതി/തുക (₹)	XVFC/2024-25/ P/47/13.03.2025/6,11,001/-

തൻവർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം, കേന്ദ്രസർക്കാരിന്റെ ഓൺലൈൻ സമാഹരണപദ്ധതിയായ GeM പോർട്ടൽ മുഖേന താഴെ പറയുന്ന ഇനങ്ങൾ വാങ്ങിയിട്ടുണ്ട്.

വാങ്ങിയ ഇനം	അളവ്	നിരക്ക് (₹)	ആകെ (₹)
15 KVA Online UPS Hykon	1 എണ്ണം	4,09,322.78	4,09,322.78
Battery Hykon Tubular 200 AH	20എണ്ണം	5,000.00	1,00,000.00
Battery Stand Hykon	2 എണ്ണം	1	2
ആകെ			5,09,324.78
ജി.എസ്.ടി. @			1,01,678.46
Round Off			-2.24
ജി.എസ്.ടി ഉൾപ്പെടെ ചെലവായ തുക (₹)			6,11,001

GeM മുഖേന പർചേസ് നടത്തുമ്പോൾ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. GeM പോർട്ടലിലെ വാങ്ങൽ രീതി പ്രകാരം എല്ലാ വിധത്തിലുള്ള വാങ്ങലുകളിലും നിരക്കുകളുടെ യുക്തിഭദ്രത, വാങ്ങൽ അധികാരികൾ സാക്ഷ്യപ്പെടുത്തണം.

2. ആവശ്യമായ സ്പെസിഫിക്കേഷനോടു കൂടിയ വ്യത്യസ്ത ബ്രാൻഡിലുള്ള 3 ഐറ്റം Compare ചെയ്തതിന്ശേഷം L1 നേരിട്ട് വാങ്ങേണ്ടതാണ്.

3. ഓൺലൈൻ ബിഡ്ഡിംഗ് വഴി ബിഡ് നടത്തിയാൽ നിശ്ചിത സ്പെസിഫിക്കേഷനിലുള്ള സാധനം വിതരണം ചെയ്യാൻ തയ്യാറുള്ള വാങ്ങൽ അധികാരി ആവശ്യപ്പെട്ട യോഗ്യതകളെല്ലാമുള്ള താല്പര്യമുള്ള സ്ഥാപനങ്ങളെല്ലാം BID – ൽ പങ്കെടുക്കുകയും അവർ നല്കാൻ തയ്യാറുള്ള നിരക്ക് ക്വാട്ട് ചെയ്യേണ്ടതാണ്.

4.എല്ലാ ഗുണനിലവാര, സ്പെസിഫിക്കേഷൻ ആവശ്യകതകളും നിറവേറ്റുന്ന ഏറ്റവും കുറഞ്ഞ ബിഡ് ഉള്ള വിതരണക്കാരന് കരാർ നൽകേണ്ടതാണ്.

K.M Technologies Kottayam എന്ന സ്ഥാപനത്തിൽ നിന്നാണ് മേൽ ഇനങ്ങൾ വാങ്ങിയിട്ടുള്ളത് വാങ്ങൽ നടപടിക്രമങ്ങളിൽ ക്രമ നം.2,3,4 എന്നിവയിലെ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം.6/തീയതി. 22.10.2025) മറുപടി നൽകിയില്ല. വാങ്ങിയ യു.പി.എസ്. – 1 എണ്ണം, ബാറ്ററി – 20 എണ്ണം എന്നിവ പ്രവർത്തനക്ഷമമാക്കാതെ സൂക്ഷിച്ചിരിക്കുന്നത് താഴെ കൊടുക്കുന്നു.(ചിത്രം)



സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക നം.1.3 പ്രകാരം, കാര്യക്ഷമത, മിതവ്യയത്വം, ഉത്തരവാദിത്വം എന്നിവ ഉറപ്പാക്കുവാൻ പൊതുആവശ്യങ്ങൾക്കുള്ള വാങ്ങലുകൾ, മാനദണ്ഡങ്ങൾക്ക് അനുസൃതമായിരിക്കേണ്ടതാണെന്നും സ്റ്റോർ പർച്ചേസ് മാനുവൽ ഖണ്ഡിക നം.6.1 പ്രകാരം, സ്റ്റോറുകൾ സമാഹരിക്കുമ്പോൾ ഒരു വർഷത്തേക്കുള്ള ആവശ്യകത കഴിയുന്നത്ര മുൻകൂട്ടി

കാണേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ തുടർമോണിട്ടറിംഗ് കാര്യക്ഷമമാക്കേണ്ടതാണ്. യു.പി.എസ്. പ്രവർത്തനക്ഷമമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-15 വാടകകക്കുടിശ്ശിക ഈടാക്കുവാനവശേഷിക്കുന്നു

2024-2025 വർഷത്തെ വാടകയുടെ ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, കുടിശ്ശിക ഈടാക്കാൻ അവശേഷിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	കടമുറി നം.		വാടകക്കാരന്റെ പേര്	കുടിശികയുള്ള കാലയളവ്	31.03.2025 വരെയുള്ള കുടിശ്ശിക	റിമാർക്സ്
1	വാർഡ് - III (Old Shopping Complex)	1	ശ്രീ ഷക്കീർ റ്റി.കെ. തോട്ടിപ്പറമ്പിൽ മുരിക്കാശ്ശേരി	04/2024 മുതൽ 03/2025 വരെ	19,950*12 = 2,39,400	
2	വാർഡ് - II	8	ശ്രീ അഭി ചെറിയാൻ പോനാട്ടുകളപ്പുരക്കൽ ഉടുമ്പന്നൂർ	11/2024 മുതൽ 03/2025 വരെ	6,000*5 = 30,000	
3	വാർഡ് - XI	1	ശ്രീ സണ്ണി ചെറുതാനിയിൽ തോപ്രാംകുടി	04/2024 മുതൽ 03/2025 വരെ	1,682*12 = 20,184	
4	വാർഡ് - III (New Shopping Complex)	1	ശ്രീ അൽത്താഫ് എ. എസ്, ആലക്കതുരുത്തേൽ മുരിക്കാശ്ശേരി	10/2024 മുതൽ 03/2025 വരെ	9,450*6 = 56,700	
5		3	ശ്രീ നിയാസ് നൌഷാദ് നെല്ലിശ്ശേരിയിൽ (H), മുരിക്കാശ്ശേരി	04/2024 മുതൽ 03/2025 വരെ	8,400*12 =100800	
6		4	ശ്രീ മനീഷ് പി.ആർ. പുതനാകുഴിയിൽ മുരിക്കാശ്ശേരി	04/2024 മുതൽ 03/2025 വരെ	8,674*12 = 1,04,088	
7		5	ശ്രീ അമൽജിത്ത് കെ.യു. കൊച്ചുവീട്ടിൽ ചരളങ്ങാനം	04/2024 മുതൽ 03/2025 വരെ	13,650*12 =1,63,800	03/2023 മുതൽ 03/2024 വരെയുള്ള കുടിശ്ശിക 13,000*13 1,69,000
8		6	ശ്രീ ജിജി ജോസഫ് അഴകത്ത് ഉപ്പുതോട്	04/2024 മുതൽ 03/2025 വരെ	6,825*12 = 81,900	
9		7	ശ്രീ അൻസാർ പി.എസ്. പീച്ചാനിക്കുന്നേൽ പതിനാറാംകണ്ടം	04/2024 മുതൽ 03/2025 വരെ	6,825*12 = 81,900	04/2023 മുതൽ 03/2024 വരെയുള്ള കുടിശ്ശിക 6,500*12 = 78,000
			ആകെ 8,78,772			

വാടകക്കുടിശ്ശിക ഈടാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-16 കെട്ടിടനിർമ്മാണപെർമിറ്റ് ഫീസ് - കുറഞ്ഞനിരക്കിൽ ഈടാക്കി

2024-2025 സാമ്പത്തികവർഷം കെട്ടിടനിർമ്മാണപെർമിറ്റ് നൽകിയിട്ടുള്ളതിൽ, ചുവടെ ചേർത്തിട്ടുള്ള വ്യക്തികളുടെ കെട്ടിടനിർമ്മാണപെർമിറ്റുകളുടെ ഫീസ് കുറഞ്ഞനിരക്കിൽ ഈടാക്കിയിരിക്കുന്നു.

ക്രമ നം.	കെട്ടിടം ഉടമസ്ഥന്റെ പേര്, മേൽവിലാസം	വിസ്തീർണം (ച.മീ.)	പെർമിറ്റ് ഫീ (₹)	
			ഈടാക്കിയത്	ഈടാക്കേണ്ടിയിരുന്നത്
1	ശ്രീ റഫീക്ക് അലിയാർ പുത്തൻപുരക്കൽ മന്നാങ്കാല, അടിമാലി.	75.3	528	1,882
2	ശ്രീ സുനീഷ് ജോൺ കുഞ്ചറക്കാട്ട് പടമുഖം	76.44	536	1,911

പെർമിറ്റ് ഫീ ഈടാക്കിയതിൽ തുക കുറവ് വന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.21/തീയതി. 24.10.2025) മറുപടി നൽകിയില്ല. പുതുക്കിയ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-17 വാണിജ്യ - പൊതുസ്ഥാപനങ്ങൾ ഹരിതസ്ഥാപനമാക്കാൻ ബിൻ വിതരണം - സപ്ലൈ ഓർഡർ പ്രകാരമുള്ളവ ലഭ്യമാക്കിയില്ല - മറ്റ് അപാകങ്ങൾ - ₹39,76,086/- നിരാകരിക്കുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	235/2024-2025, പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഹരിതസ്ഥാപനമാക്കുക - ബിൻ വിതരണം
അടങ്കൽ (₹)	40,25,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി
ചെലവ് (₹)	39,76,086/-
വൗച്ചർ നമ്പർ/തീയതി/തുക (₹)	XVFC/2024-25/P/64/29.03.2025/28,00,000/-
	XVFC/2024-25/P/65/29.03.2025/1,50,000/-
	XVFC/2024-25/P/66/29.03.2025/10,26,086/-

വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 28.02.2025 – ലെ 1(3) – നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഹരിതസ്ഥാപനമാക്കുക എന്ന ഉദ്ദേശത്തോടെ 350 റോളർ പ്ലാസ്റ്റിക്ക് ബിൻ വാങ്ങി വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കുവേണ്ടി GeM പോർട്ടൽ മുഖേന (Government E-Marketplace) 14 X 28 Inch വലുപ്പമുള്ള 350 എണ്ണം STAINLESS STEEL - SWING BIN – കൾ PHOENIX GLOBAL SUPPLIERS, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ബിന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം.	ഇനം	ഇൻവോയിസ് നമ്പർ	HSN - CODE	എണ്ണം	വില (₹)	വില (₹) ജി.എസ്.ടി. ഉൾപ്പെടെ)	ആകെത്തുക (₹)
1	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-073/24-25 തീയതി. 27.03.2025	73239090	87	10,143.08	11,360.25	9,88,341.75
2	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-074/24-25 തീയതി. 27.03.2025	73239090	88	10,143.08	11,360.25	9,99,702.00
3	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-075/24-25 തീയതി. 27.03.2025	73239090	88	10,143.08	11,360.25	9,99,702.00
4	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-076/24-25 തീയതി. 27.03.2025	73239090	87 വാറണ്ടി/ ഗ്യാരണ്ടി/	10,143.08	11,360.25	9,88,341.75
ആകെ				350			39,76,086.00

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ സൂചിത ഇൻവോയിസുകൾ പ്രകാരം, സ്ഥാപനം 14 ഇഞ്ച് വീതിയും 28 ഇഞ്ച് നീളവും ഉള്ള 350 സ്റ്റെയിൻലെസ് സ്റ്റീൽ ബിന്നുകളാണ് വാങ്ങിയത്. കമ്പാരിസൻ നടത്തി 14.03.2025 – ൽ സാങ്ഷൻ ഓർഡർ നമ്പർ.51168779084965 പ്രകാരം ഓർഡർ നൽകിയ ബിന്നിന്റെ വിവരം ചുവടെ കൊടുക്കുന്നു.
A) 1500 കിലോഗ്രാം കപ്പാസിറ്റി
B) Rectangular Shape ബിന്നുകൾ
C) Blue Colour ബിന്നുകൾ
D) Steel Bin Thickness = 1.6 Mm
സപ്ലൈ ചെയ്ത ബിന്നുകൾ GeM - ൽ കമ്പാരിസൻ നടത്തി ഓർഡർ നൽകിയ താഴെ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ല. വിതരണം ചെയ്തതിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള

ബിന്നുകൾ 24.10.2025 – ൽ പഞ്ചായത്തിലെ സാങ്കേതികവിഭാഗമായ LID &EW അസിസ്റ്റന്റ് എഞ്ചിനീയർ നേരിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം ചുവടെ ചേർക്കുന്നു.
1. സിലിൻഡ്രിക്കൽ ബിൻ
2.ആന്തരികവ്യാസം = 34.50 Cm
3. ഉയരം = 71.8 Cm
4. വ്യാപ്തം = 7583 Cm3 = 0.7583 M3
5. സിലിൻഡ്രിക്കൽ ബിൻ പെയിന്റ് ചെയ്തിട്ടില്ല.

ഓഡിറ്റിന്റെ നിഗമനം

A) സപ്ലൈ ചെയ്ത ബിന്നുകൾ 1500 കിലോഗ്രാം കപ്പാസിറ്റി ഉള്ളതല്ല.
B) സപ്ലൈ ചെയ്ത ബിന്നുകൾ Rectangular Shape ബിന്നുകളല്ല.
C) സപ്ലൈ ചെയ്ത ബിന്നുകൾ Blue Colour പെയിന്റ് ചെയ്ത ബിന്നുകളല്ല.
D) സ്റ്റീൽ ബിന്നിന്റെ ഘനം പരിശോധിക്കാൻ സാധിച്ചില്ല.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.10 പ്രകാരം, GeM – പോർട്ടലിലൂടെ വാങ്ങുന്ന സാധനങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തലോടെയുള്ള വാറണ്ടി/ഗ്യാരണ്ടി ഉണ്ടാകുന്നതാണ്.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.11 പ്രകാരം, ഗുണനിലവാരവും എണ്ണവും ഉത്പന്നം ലഭ്യമായി 10 ദിവസത്തിനകം വാങ്ങൽ അധികാരി ഉറപ്പാക്കേണ്ടതാണ്. വാങ്ങൽ അധികാരിക്ക് പെർഫോമൻസ് ഗ്യാരണ്ടിയായി നിശ്ചിതതുക പിടിച്ചു വയ്ക്കേണ്ടതുണ്ടെങ്കിൽ GeM പോർട്ടൽ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ അത്തരം നിബന്ധന സൂചിപ്പിക്കാവുന്നതാണ്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം, അനുവദിക്കപ്പെട്ടിട്ടുള്ള മറ്റ് രീതികളിലൂടെ വാങ്ങൽ നടത്തുന്നതിന് സമാനരീതിയിൽ ഗുണനിലവാരം ഉറപ്പാക്കേണ്ടത് വാങ്ങൽ അധികാരിയുടെ ഉത്തരവാദിത്തമാണ്. GeM മുഖേനയുള്ള വാങ്ങലിൽ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിശ്ചിതസാക്ഷ്യപത്രം ആവശ്യപ്പെടൽ, വിതരണത്തിനുശേഷമുള്ള പരിശോധനകൾ എന്നിവ വാങ്ങൽ അധികാരിയുടെ വിവേചനാധികാരമായിരിക്കുന്നതാണ്. വാർഷികഅറ്റകുറ്റപ്പണി (AMC)/ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രാദേശികകാര്യാലയങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ വാങ്ങൽ നടത്തുന്ന അധികാരി അക്കാര്യം GeM – ൽ സൂചിപ്പിക്കേണ്ടതാണ്.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.12 പ്രകാരം, വാങ്ങുന്നയാൾ സാധനങ്ങൾ തിരിച്ചയയ്ക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, സാധനങ്ങൾ ലഭ്യമായതിനുശേഷം 10-ാമത്തെ ദിവസം അക്കൗണ്ടിൽ നിന്നും വിതരണക്കാരന് തുക നൽകിയെന്ന് ഉറപ്പാക്കേണ്ടത് വാങ്ങൽ അധികാരിയുടെ ഉത്തരവാദിത്വമാണ്. ഉചിതമായ ന്യായീകരണം ഉണ്ടെങ്കിൽ ലഭ്യമായി 10 ദിവസത്തിനകം ഏതൊരു സാധനവും വാങ്ങുന്നയാൾക്ക് നിരസിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. നിരസിക്കുന്ന സാധനങ്ങൾക്ക് തുക നൽകേണ്ടതില്ല. 10 ദിവസത്തിനകം നിരസിക്കുന്ന സാധനങ്ങൾ യാതൊരു തുകയും ഈടാക്കാതെ തിരിച്ചെടുക്കുവാൻ വില്പനക്കാരൻ ബാധ്യസ്ഥനാണ് എന്നിരിക്കെ, സപ്ലൈ ഓർഡർ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിന്നുകൾ അല്ല വിതരണം ചെയ്തിട്ടും ആയവ തിരിച്ച് നൽകാതെ മേൽ സൂചിത ബിൽ പ്രകാരം തുക അനുവദിച്ചു നൽകിയ നടപടി അംഗീകരിക്കുന്നില്ല.

അവസാന വാങ്ങൽ വിലകൾ താരതമ്യം ചെയ്യാൻ GeM - ന്റെ ബിസിനസ് അനലിറ്റിക്സ് ഉപകരണങ്ങൾ ഉപയോഗിക്കാം എന്നിരിക്കെ, ഇപ്രകാരമല്ലാത്ത വാങ്ങൽ നടത്തിയിരിക്കുന്നു.

നിർബന്ധിത താരതമ്യം : വാങ്ങുന്നയാൾ കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളെയോ OEM - കളെയോ താരതമ്യം ചെയ്യുകയും ആവശ്യമായ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നിടത്തോളം ഏറ്റവും കുറഞ്ഞ വിലയുള്ളത് (L-1) തിരഞ്ഞെടുക്കുകയും വേണം. ഈ നടപടി പാലിച്ചിട്ടില്ല.

2) ബിന്നുകൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന് തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശിപാർശ ഇല്ലാതിരുന്നിട്ടും തുക അനുവദിച്ചിരിക്കുന്നു.

3) സ്ഥാപനം സപ്ലൈ ചെയ്തതായി കാണിച്ചിരിക്കുന്ന വിവിധ വലുപ്പത്തിലുള്ള Cylindrical STAINLESS STEEL-SWING BIN – ന്റെ നിലവിലെ കമ്പോളവിലനിലവാരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കമ്പനിയുടെ പേര് (Trade Name)	വലുപ്പം	വില (₹)
1	JPS Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (50 Litre)	3,999/-
2	ORCHID-Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	3,600/-
3	GRASSLAND-Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	4,290/-
4	INDIAMART- Stainless Steel Swing Dustbin/Garbage Bin	(14" X 28") Inch (60 Litre)	3,124/-
5	MOFNA-Stainless Steel Swing Dustbin/ Garbage Bin-With Side Stand	(14"x24") Inch (60 Litre)	4,719/-
6	RSI- Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	3,298/-

കമ്പോള വില നിലവാരം അനുസരിച്ച് വാങ്ങിയ ബിന്നിന്റെ ശരാശരി വില ₹4,000/- എന്നിരിക്കെ ₹11,360.25 എന്ന നിരക്കിലാണ് ബിന്നുകൾ വാങ്ങിയിരിക്കുന്നത്.

4) മേൽസൂചിത ഇൻവോയിസുകൾ പ്രകാരം വാങ്ങിയ 350 ബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഉറവിടമാലിന്യങ്ങൾ സംസ്കരിക്കേണ്ടതാണെന്ന നിബന്ധനയുണ്ടായിരിക്കെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ദേശാൽകൃതബാങ്കിലും 3 എണ്ണം വീതവും എല്ലാ അങ്കണവാടികളിലും 3 മുതൽ 5 വരെ എണ്ണം വീതവും ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് നിലവിലെ ഭരണസമിതി അംഗങ്ങൾ അറിയിച്ചു. വാങ്ങിയ ബിന്നുകൾ ആവശ്യത്തിലധികവും വിതരണം ചെയ്തിരിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. വിതരണരേഖകൾ ലഭ്യമല്ലാത്തതിനാൽ വിശദവിവരം പരിശോധിക്കാൻ സാധിച്ചില്ല.

5) മാലിന്യസംസ്കരണപരിപാടികളിൽ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് ജി-ബിൻ, ബയോബിൻ പോലുള്ള സംവിധാനങ്ങൾ സ്ഥാപിക്കാമെന്നിരിക്കെ ഇപ്രകാരമുള്ള STAINLESS STEEL-SWING BIN അമിതവിലയ്ക്ക് വാങ്ങിയ നടപടി സർക്കാർ പണത്തിന്റെ ദുരുപയോഗമായിട്ട് വിലയിരുത്തുന്നു.

6) വാങ്ങാൻ ഉദ്ദേശിക്കുന്ന ബിന്നുകളുടെ സ്പെസിഫിക്കേഷൻ മുൻകൂട്ടി നിശ്ചയിക്കുകയോ ഓർഡർ ചെയ്ത ബിന്നുകളുടെ വില കമ്പോളവിലയുമായി താരതമ്യം ചെയ്യുകയോ വാങ്ങിയ ബിന്നുകൾ സാങ്കേതികഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

7) വാങ്ങിയ 350 ബിന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. 02.05.2025 – ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 1 - ാം നമ്പർ തീരുമാനം പ്രകാരം, പദ്ധതി പ്രകാരം വാങ്ങിയ ബയോബിന്നിന്റെ ഗുണനിലവാരം, യൂണിറ്റ് കോസ്റ്റ് എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുവാൻ പഞ്ചായത്ത്

കമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചുവെങ്കിലും തുടർനടപടി സ്വീകരിച്ചില്ല.

8) ആദായനികുതി നിയമം വകുപ്പ് 194 C പ്രകാരം, ₹2,50,000/- – ന് മുകളിൽ വാങ്ങൽ നടത്തുന്നതിന് 2 % TDS ഈടാക്കണമെന്ന് നിർദ്ദേശിച്ചിരിക്കെ, ഇപ്രകാരം 2 % TDS ₹79,522/- ബില്ലിൽ നിന്നും കുറവ് ചെയ്യാതെ, 350 സ്റ്റീൽ ബിന്നുകൾ വാങ്ങിയതിന്, വിതരണസ്ഥാപനത്തിന് ആകെ ₹39,76,086/- നൽകി. ബിന്നുകൾ സപ്ലൈ ചെയ്യുന്നതിനായി താഴെ സൂചിപ്പിക്കും പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

ക്രമ നം.	പർച്ചേസ് ഓർഡർ നം./തീയതി	ബിന്നുകൾ വിതരണം ചെയ്യുവാൻ നിർദ്ദേശിച്ച മേൽവിലാസം	എണ്ണം	കപ്പാസിറ്റി (കിലോഗ്രാം)	ബിൻ രൂപം
1	511687790849651 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	87	1000	Rectangle
2	511687739273207 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	87	1500	Rectangular Blue
3	511687765959701 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	88	1000	Rectangular Blue
4	511687739273 14.03.2025	സെക്രട്ടറി വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത്	87	1500	Rectangular Blue

(ആകെ 350 ബിന്നുകളാണ് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത്.

മേൽ സൂചിത പർച്ചേസ് ഓർഡറുകളിൽ ക്രമ നം.1,2,3 പ്രകാരമുള്ള 262 (87 + 87 + 88) ബിന്നുകൾ വിതരണം ചെയ്യേണ്ട മേൽവിലാസം കാണിച്ചിരിക്കുന്നത് ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻനായർ, മുരിക്കാശ്ശേരി എന്നാണ്. പഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗികമേൽവിലാസം നൽകാതെ ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻനായർ എന്ന വ്യക്തിയുടെ മേൽവിലാസം നൽകി ബിന്നുകൾ വിതരണം ചെയ്ത നടപടി ക്രമവിരുദ്ധമാണ്. സപ്ലൈ ചെയ്തതായി കാണിച്ചിരിക്കുന്ന 350 ബിന്നുകളുടെ വിതരണ രേഖകൾ ഇല്ലാത്തതും 262 ബിന്നുകളുടെ വിതരണക്കാരനായി വേറൊരു വ്യക്തിയെ പർച്ചേസ് ഓർഡർ പ്രകാരം നിശ്ചയിച്ചിരിക്കുന്നതും 350 ബിന്നുകൾ യഥാർത്ഥത്തിൽ വാങ്ങിയതാണോ എന്നുള്ളതിൽ സംശയം ഉളവാക്കുന്നു. കൂടാതെ ഓർഡറിൽ ഒരേ വിലയുള്ള ബിന്നുകളുടെ കപ്പാസിറ്റി 1000, 1500 കിലോഗ്രാം എന്ന് രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഓർഡർ നൽകിയത് Rectangular Blue Colour ബിന്നാണ്. എന്നാൽ സപ്ലൈ ചെയ്തിരിക്കുന്നത് സിലിൻഡ്രിക്കൽ സിൽവർ ബിന്നാണ്. താരതമ്യേന സിൽവർ നിറത്തിലുള്ള സിലിൻഡ്രിക്കൽ ബിന്നിന് വില കുറവുമാണ്. ഇത് പരിശോധിക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/ തീയതി. 24.10,2025) മറുപടി നൽകിയില്ല. സപ്ലൈ ഓർഡറിൽ സൂചിപ്പിച്ചിട്ടുള്ള Rectangular Blue Colour എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിന്നുകൾക്ക് തുക അനുവദിക്കുകയും എന്നാൽ അപ്രകാരമുള്ള ബിന്നുകൾ വിതരണം ചെയ്യാതെ Cylindrical Silver വിതരണം ചെയ്യാത്തതിനാൽ ഈ പദ്ധതിക്ക ചെലവഴിച്ച ₹39,76,086/- ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തുക ഉത്തരവാദിയായ

അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

1-18 അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ അപാകങ്ങൾ - രേഖകൾ ഹാജരാക്കിയില്ല - ₹12,13,156/- തടസ്സപ്പെടുത്തുന്നു

പഞ്ചായത്തിൽ 2024-2025 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ താഴെ സൂചിപ്പിക്കുന്ന പദ്ധതികളിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1. ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ

പദ്ധതി നം.	152/2024-2025
പദ്ധതിയുടെ പേര്	ബഡ്സ് സ്കൂൾ ഉപകരണങ്ങൾ വാങ്ങൽ
അടങ്കൽ (₹)	10,000/- വികസനഫണ്ട് – ജനറൽ
ചെലവ് (₹)	10,000/-
ബിൽ നമ്പർ/തീയതി	241012520135015227 57/13.03.2025

അപാകങ്ങൾ – വനിത ലേഡീസ് സെന്റർ, മുരിക്കാശ്ശേരി, ബിൽ നം.1141/06.03.2025. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും കൈപ്പറ്റിന്റെയും വിവരം ലഭ്യമല്ല.

2.ഐ.ഇ.സി. – പദ്ധതി - ബോർഡുകൾ സ്ഥാപിക്കൽ

പദ്ധതി നം.	105/2024-2025
പദ്ധതിയുടെ പേര്	ഐ.ഇ.സി. – പദ്ധതി ബോർഡുകൾ സ്ഥാപിക്കൽ
അടങ്കൽ (₹)	1,00,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് (₹)	99,000/-
വൗച്ചർ നമ്പർ/ തീയതി	XVC54/25/28.03.2025/99,000/-

അപാകങ്ങൾ – വനിത ആർട്ട് ലൈൻ അഡ്വർട്ടൈസേഴ്സ്, മുരിക്കാശ്ശേരി, ബിൽ നം.371/24.03.2025, ടെണ്ടർ നടപടി ക്രമങ്ങൾ സ്വീകരിച്ചിട്ടില്ല. ബോർഡുകൾ സ്ഥാപിച്ചതിന്റെ വിവരം ലഭ്യമല്ല (3x2 – 33 എണ്ണം). സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

3. എം.സി.എഫിലേയ്ക്ക് ബെയിലിംഗ് മെഷിൻ വാങ്ങൽ

പദ്ധതി നം.	170/2024-2025
പദ്ധതിയുടെ പേര്	എം.സി.എഫി. – ലേക്ക് ബെയിലിംഗ് മെഷിൻ വാങ്ങൽ
അടങ്കൽ (₹)	5,10,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് (₹)	509,998/-
ബിൽ റഫറൻസ് നമ്പർ/തീയതി	241012520135015227 66/13.03.2025

അപാകങ്ങൾ – INVOICE.No.KE-122/2024-2025/10.03.2025, കാർത്തിക എന്റർപ്രൈസസ്, എറണാകുളം. ബെയിലിംഗ് മെഷിൻ – ₹4,49,999/-, INVOICE.No.KE-125/2024-2025/10.03.2025 – സ്റ്റാർട്ടർ മോട്ടോർ – ₹9,999/-, INVOICE.No.KE-123/2024-2025/10.03.2025 – ഹൈഡ്രോളിക്ക് ഓയിൽ – 200 ലിറ്റർ, ₹50,000/-. ബെയിലിംഗ് മെഷിൻ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. വാറണ്ടി/ഗ്യാരണ്ടി വിവരങ്ങൾ

ബില്ലിൽ ഉൾപ്പെടുത്തുകയോ ആയതിന്റെ വിവരം ഉൾപ്പെടുത്തി കരാർ ചമക്കുകയോ ചെയ്തിട്ടില്ല. വാങ്ങിയ ഹൈഡ്രോളിക്ക് ഓയിൽ – 200 ലിറ്റർ സംബന്ധിച്ച വിവരങ്ങൾ ഇല്ല. വാങ്ങിയ സ്റ്റാർട്ടർ മോട്ടോർ സംബന്ധിച്ച വിവരങ്ങൾ ഇല്ല. മാർക്കറ്റ് നിരക്കിനെക്കാൾ അധിക നിരക്കിൽ മെഷിൻ വാങ്ങിയിരിക്കുന്നു. GeM-പ്രകാരമുള്ള വാങ്ങൽ നിബന്ധനകൾ പാലിച്ചിട്ടില്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

4. എം.സി.എഫ് – ലേക്ക് അനുബന്ധസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പദ്ധതി നം.	185/2024-2025
പദ്ധതിയുടെ പേര്	എം.സി.എഫ്. – ലേക്ക് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ
അടങ്കൽ (₹)	3,57,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ചെലവ് (₹)	1,70,234/-
ബിൽ റഫറൻസ് നമ്പർ/തീയതി/ തുക (₹)	241012520135016697 11/24.03.2025 91,800/-
	241012520135017018 57/25.03.2025 49,638/-
	241012520135017018 46/25.03.2025 28,796/-

അപാകങ്ങൾ – ഓർബിറ്റ് ഹോം ഓട്ടോമേഷൻ, മുരിക്കാശ്ശേരി. INVOICE.No.ORC-155/2024-2025/18.03.2025 – വാങ്ങിയ 6 സി.സി.ടി.വി. ക്യാമറകൾ എവിടെ സ്ഥാപിച്ചുവെന്നുള്ള വിവരങ്ങൾ ഇല്ല. ₹91,800/-

വാങ്ങിയ വാട്ടർ പ്യൂരിഫൈയർ എം.സി.എഫ് – ൽ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിരിക്കുന്നു. ₹49,638/- K.M. Tchnology, Kottayam., Invoice No.KMR/24-25/24.03.2025. Invoice No.PGS-068/24-25/23.03.2025. PHOENIX GLOBAL SUPPLIERS, Eranakulam. – വാങ്ങിയ 6 Kg ഉള്ള 6 ഫയർ എക്സ്റ്റിൻഗ്യൂഷർ എം.സി.എഫ്. – ൽ സ്ഥാപിക്കാതെ പഞ്ചായത്ത് ഓഫിസിൽ സൂക്ഷിച്ചിരിക്കുന്നു. ₹28,796/-. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

5. പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം

പദ്ധതി നം.	02/2024-2025
പദ്ധതിയുടെ പേര്	പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങളുടെ വിതരണം
അടങ്കൽ (₹)	1,92,850/- വികസനഫണ്ട് – ടി.എസ്.പി.
ചെലവ് (₹)	76,800/-
ബിൽ റഫറൻസ് നമ്പർ/തീയതി	241012520135017180 10/26.03.2025

അപാകങ്ങൾ – ഇലവുങ്കൽ ഫർണിച്ചർ, തോപ്രാംകുടി, INVOICE.No.BC2024-2025-1359/25.03.2025 വാങ്ങിയ 16 ചെയറിന്റെയും 16 ടേബിളിന്റെയും വിതരണരേഖകൾ ഹാജരാക്കിയില്ല. സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല.

6. ഫയലുകൾ ഹാജരാക്കിയില്ല.

2024-2025 വർഷം അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ തോഴെ സൂചിപ്പിക്കുന്ന പദ്ധതികളുടെ ഫയലുകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം./പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് (₹)
1	117/2024-2025, നാപ്കിൻ വെന്റിംഗ് മെഷിനും ഡിസ്ട്രോയറും സ്ഥാപിക്കൽ	1,00,000/- വികസനഫണ്ട് – പൊതുവിഭാഗം	98,130/-
2	വിവിധ വാർഡുകളിൽ153/2024-2025, മിനി എം.സി.എഫ്. – കൾ സ്ഥാപിക്കൽ	3,00,000/-ധനകാര്യകമ്മീഷൻ ഗ്രാന്റ്	2,48,994/-

അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.18/തീയതി. 24.10.2025) മറുപടി നൽകിയില്ല. അപാകങ്ങളുടെ അടിസ്ഥാനത്തിൽ ₹12,13,156/- – യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-19 ദൈവമേട് കുടിവെള്ളപദ്ധതി - ലക്ഷ്യം കൈവരിച്ചില്ല

പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ താഴെ സൂചിപ്പിക്കുന്ന കുടിവെള്ളപദ്ധതി, പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ ഓവർസിയറുടെ സാന്നിധ്യത്തിൽ 22.10.2025 – ൽ നേരിട്ട് പരിശോധിച്ചതിൽ പദ്ധതി തൻവർഷം പൂർത്തികരിക്കുകയോ തുടർ വർഷത്തിൽ പൂർത്തികരണത്തിന് ആവശ്യമായ വിഭവങ്ങൾ ഉൾപ്പെടുത്തി പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല.തൻമൂലം ഈ കുടിവെള്ളപദ്ധതികൾ ലക്ഷ്യം കൈവരിക്കാതെ പൊതുജനങ്ങൾക്ക് യാതൊരു പ്രയോജനവുമില്ലാത്ത പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട അവസ്ഥയിലാണ്.

പദ്ധതി നം./പദ്ധതിയുടെ പേര്	എസ്.ഒ.33/2024-2025, ദൈവമേട് കുടിവെള്ളപദ്ധതി – മെയിന്റനൻസ്
അടങ്കൽ (₹)	5,00,000/- ധനകാര്യകമ്മീഷൻ അവാർഡ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് എഞ്ചിനീയർ
കോൺട്രാക്ടറുടെ പേര്	ശ്രീ ജോൺസൺ എൻ.സി.
ഫയൽ നം.	19904/2025
എഗ്രീഡ് പി.എ.സി. (₹)	2,10,161/-
ചെലവ് (₹)	2,16,870/-
ചെലവ് (₹)	XVC/64/24(PS)/26.03.2025

കിണറ്റിൽ നിന്നും 325 മീറ്റർ 63 Mm HDPE പൈപ്പ് മാത്രമാണ് കുടിവെള്ളപദ്ധതിയുടെ പാതി സ്ഥലത്ത് ഇട്ടിരിക്കുന്നത്. മോട്ടോർ, വൈദ്യുതി കണക്ഷൻ എന്നിവ ഏർപ്പെടുത്തുകയോ തുടർ വർഷങ്ങളിൽ പൂർത്തികരണത്തിനായി പദ്ധതി ആവിഷ്കരിക്കുകയോ ചെയ്തിട്ടില്ല. തന്മൂലം പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല. വ്യക്തമായ പദ്ധതി തയ്യാറാക്കി, പദ്ധതിക്ക് ആകെ ആവശ്യമായ അടങ്കൽ നിർണ്ണയിച്ച് ഒരു വാർഷികപദ്ധതിയിൽ നിർമ്മിക്കുന്നതിന് സാധിക്കില്ലെങ്കിൽ ബഹുവർഷപദ്ധതിയായോ ഫണ്ടിലെ അഭാവമുണ്ടെങ്കിൽ സംയുക്തപദ്ധതിയായോ ഏറ്റെടുത്തായിരുന്നു നിർമ്മാണം നടത്തേണ്ടിയിരുന്നത്. പൂർത്തീകരണത്തിന് ആവശ്യമായ തുക വകയിരുത്താതെയാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതി പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് പ്രയോജനപ്പെടുത്തുന്നതിനോ ഗുണഭോക്തൃസമിതിയ്ക്ക് കൈമാറുന്നതിനോ നടപടികൾ സ്വീകരിച്ചിട്ടില്ല. അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.19/തീയതി. 24.10.2025) മറുപടി നൽകിയില്ല. അപാകങ്ങൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-20 കുടിവെള്ളവിതരണം - രേഖകളുടെ അഭാവം - ₹2,88,228/- തടസ്സപ്പെടുത്തുന്നു

വകയിരുത്തിയ ഫണ്ട്	തനതു ഫണ്ട്
നിർവഹണോദ്യോഗസ്ഥൻ	സെക്രട്ടറി
കരാറുകാരൻ	ശ്രീ ജോബിൾ ജോണി.
കരാർ നം./തീയതി	കരാർ ലഭ്യമാക്കിയില്ല
ചെലവ് (₹)	3,88,228/-
വൗച്ചർ നം./തീയതി	1,38.897/- 22400198/01.06.2024
	1,24,096/- 22400199/01.06.2024
	1,25,235/- 224001200/01.06.2024
ചെക്ക് നം./തീയതി	406645/01.06.2024

വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത് ഭരണസമിതിയുടെ 18.03.2024 – ലെ 12(1)-ാം നമ്പർ തീരുമാനപ്രകാരം, 18 വാർഡുകളിലെയും നിരവധി പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണെന്ന് വിലയിരുത്തി വിവരം ബഹു. ജില്ലാ കളക്ടറെ അറിയിക്കുകയും 12.04.2024 – ലെ അടിയന്തിരകമ്മിറ്റിയുടെ 1(1)-ാം നമ്പർ തീരുമാനപ്രകാരം കുടിവെള്ളവിതരണത്തിന് 01.04.2024 – ൽ ടെണ്ടർ ക്ഷണിച്ചതിൽ, ഗ്രാമപ്പഞ്ചായത്തിൽ ലഭിച്ച 4 ടെണ്ടറുകളിൽ ഒരെണ്ണം മാത്രമാണ് കിലോമീറ്റർ അടിസ്ഥാനത്തിൽ ലഭിച്ചത്. 2021-2022 - ലെ സാമ്പത്തികവർഷം വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത് ലിറ്റർ നിരക്ക് കണക്കാക്കിയാണ് കുടിവെള്ളവിതരണം നടത്തിയിട്ടുള്ളതെന്നും അടിയന്തിരസാഹചര്യം പരിഗണിച്ച് റീ ടെണ്ടർ ചെയ്യാതെ 12.04.2024 – ലെ അടിയന്തിര യോഗത്തിൽ വിവരം രേഖപ്പെടുത്തുവാൻ വിട്ടുപോയിട്ടുള്ളതാണെന്നും കമ്മിറ്റി വിലയിരുത്തുകയും കരാർ ലഭിച്ച ശ്രീ ജോബിൾ ജോണി, കുളങ്ങരത്തൊട്ടിയിൽ, മുരിക്കാശ്ശേരി പി.ഒ., എന്ന വ്യക്തി 16.04.2024 – ൽ ടിയാന്റെയും മറ്റു വാഹനങ്ങളുടെയും രേഖകൾ ഹാജരാക്കി കരാറിലേർപ്പെടുകയും ചെയ്തു.

സെക്രട്ടറി നിർവ്വഹിച്ച കുടിവെള്ളവിതരണം എന്ന മേൽ പദ്ധതിയിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) കെ.എൽ.–09-A-829, കെ.എൽ.–06-J–1400, കെ.എൽ.–06-H–5282, കെ.എൽ.–06-H–3922 എന്നീ വാഹനങ്ങളിൽ കുടിവെള്ളം വിതരണം ചെയ്തതിന്റെ രേഖ ഫയലിൽ ഉണ്ട്. GPS സംവിധാനം ഉള്ള വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം നടത്തേണ്ടതെന്ന് 02.03.2019 - ലെ സ.ഉ.(സാധാ)നം.500/2019/ത.സ്വ.ഭ.വ – നമ്പർ ഉത്തരവിൽ അനുശാസിക്കുന്നു. എന്നാൽ കെ.എൽ.–06-H–3922 എന്ന വാഹനത്തിന്റെ ഒഴികെ, മറ്റ് വാഹനങ്ങളുടെ GPS വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. കെ.എൽ.–06-H–3922 എന്ന വാഹനത്തിന്റെ GPS വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയതിൽ, ട്രിപ്പ് ആരംഭിക്കുന്നതും അവസാനിക്കുന്നതുമായ ലൊക്കേഷൻ കോഓർഡിനേറ്റ്സ് അല്ലാതെ സ്ഥലപ്പേരുകൾ ലഭ്യമാക്കിയിട്ടില്ല. ട്രിപ്പ് ഷീറ്റിൽ സ്ഥലപ്പേരുകൾ മാത്രമാണ് നൽകിയിട്ടുള്ളത് എന്നതിനാൽ ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2) വിതരണത്തിനുപയോഗിച്ച കുടിവെള്ളത്തിന്റെ സ്രോതസ്സ് വ്യക്തമാക്കുകയോ കുടിവെള്ളത്തിന്റെ ഗുണനിലവാരം പരിശോധിച്ച് ഉറപ്പാക്കുകയോ ചെയ്തിട്ടില്ല.

3) വിവിധ വാർഡുകളിലെ കുടിവെള്ളവിതരണം സംബന്ധിച്ച മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമാക്കിയില്ല.

4) കരാറുകാരനിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യേണ്ട ആദായനികുതി കുറവ് ചെയ്തിട്ടില്ല.

മേൽ വിവരിച്ച അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.2/തീയതി. 21.10.2025) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ, ഈ പദ്ധതിക്ക് ചെലവഴിച്ച ₹3,88,228/- തടസ്സപ്പെടുത്തുന്നു. രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. ഭാവിയിൽ, കൂടിവെള്ളക്ഷാമം രൂക്ഷമാകുന്ന കടുത്ത വേനൽക്കാലം മുന്നിൽക്കണ്ട് കുടിവെള്ളവിതരണത്തിന് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

1-21 ഓണം അഡ്വാൻസ് - തിരികെ ഈടാക്കാനവശേഷിക്കുന്നു.

06.09.2024 – ലെ സ.ഉ.(അച്ചടി)നം.77/2024/ധന. പ്രകാരം, സംസ്ഥാനത്തെ എല്ലാ സർക്കാർ ജീവനക്കാർക്കും ₹20,000/- ഓണം അഡ്വാൻസ് അനുവദിക്കുകയും അനുവദിച്ച ഓണം അഡ്വാൻസ്, 2024 ഒക്ടോബർ മാസത്തെ ശമ്പളം മുതൽ അഞ്ച് തുല്യഗഡുക്കളായി ഈടാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ, ജീവനക്കാർ വൗച്ചർ നം.22400454/12.09.2024 – പ്രകാരം കൈപ്പറ്റിയ ഓണം അഡ്വാൻസ് ₹1,32,000/- – ൽ 1,400/- തിരികെ ഒടുക്കാൻ അവശേഷിക്കുന്നു(ഷെഡ്യൂൾ B-18, 460100101). അഡ്വാൻസ് തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/തീയതി. 23.10.2025) മറുപടി നൽകിയില്ല. അഡ്വാൻസ് തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-22 ഹെൽത്ത് ഗ്രാന്റ് - അവലോകലനം

പ്രാഥമികാരോഗ്യപരിരക്ഷാ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പതിനഞ്ചാം ധനകാര്യകമ്മീഷൻ 2021-2022 മുതൽ 2025-2026 വരെ ആരോഗ്യമേഖലാഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. ധനകാര്യകമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള വിവിധ സ്കീമുകൾ നടപ്പാക്കുന്നതിനാണ് ഗ്രാന്റ് അനുവദിച്ചിട്ടുള്ളത്. സ്കീമുകൾ ചുവടെ ചേർക്കുന്നു.

സ്കീം-1 കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കാൻ സഹായം

കെട്ടിടങ്ങൾ ഇല്ലാത്ത കുടുംബാരോഗ്യഉപകേന്ദ്രങ്ങൾക്ക് ഗ്രാമപ്പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി കെട്ടിടം നിർമ്മിക്കാൻ ധനസഹായം നൽകുന്നു. കേന്ദ്രആരോഗ്യകുടുംബക്ഷേമ മന്ത്രാലയം 31.08.2021 – ന് പുറപ്പെടുവിച്ച സാങ്കേതികമാർഗ്ഗരേഖയുടെ അനുബന്ധം-3.3 പ്രകാരമുള്ള ലേ-ഔട്ട് പ്ലാൻ കെട്ടിടനിർമ്മാണ മാതൃക പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്.

സ്കീം-2 ബ്ലോക്ക് പൊതുജനാരോഗ്യകേന്ദ്രങ്ങൾക്ക് സഹായം

ബ്ലോക്ക് കുടുബാരോഗ്യങ്ങൾക്ക് വിവിധ പ്രവർത്തനങ്ങൾക്ക് സഹായം നൽകൽ

സ്കീം-3 ഗ്രാമപ്രദേശങ്ങളിലെ ആരോഗ്യസ്ഥാപനങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ

പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന എല്ലാ ആരോഗ്യസ്ഥാപനങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തുകയാണ് ഈ സ്കീമിന്റെ ലക്ഷ്യം. ഉപകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ, കുടുബാരോഗ്യകേന്ദ്രങ്ങളിലും പ്രാഥമികാരോഗ്യപരിരക്ഷ നൽകുന്ന മറ്റ്

ആരോഗ്യസ്ഥാപനങ്ങളിലും രോഗ നിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നീ രണ്ട് ഘടകങ്ങളിലായി പ്രവർത്തനം നടത്തുന്നു.

സ്കീം-4 ഗ്രാമപ്രദേശങ്ങളിലെ കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് അൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടപ്പാക്കൽ.

ഗ്രാമപ്രദേശങ്ങളിൽ ആരോഗ്യവർദ്ധകസേവനങ്ങൾ, ആരോഗ്യകരമായ ഭക്ഷണശീലം, വ്യായാമം, ശുചിത്വം മുതലായവ പ്രോത്സാഹിപ്പിക്കൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, അസുഖങ്ങൾ പ്രാരംഭ ഘട്ടത്തിൽത്തന്നെ കണ്ടുപിടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, ദീർഘകാലരോഗികൾക്ക് മാനസിക – സാമൂഹ്യ പിന്തുണ നൽകൽ, പാലിയേറ്റീവ് പ്രവർത്തനങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

സ്കീം-5 നഗരപ്രദേശങ്ങളിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ.

ഉപകരണങ്ങൾ വാങ്ങുന്നതിനും കേരളാ മെഡിക്കൽ കോർപ്പറേഷനും പരിശീലനവും ഉൾപ്പെടുന്നു.

സ്കീം- 6 അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ.

അർബൻ ഹെൽത്ത് & വെൽനസ് കേന്ദ്രങ്ങൾ, അർബൻ പോളിക്ലിനിക്കുകൾ സ്ഥാപിക്കൽ എന്നീ രണ്ട് ഘടകങ്ങൾ ഉൾപ്പെടുന്നു.

ഫണ്ട് വിശകലനം

2021-2022 മുതൽ നാളിതുവരെ വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിന് ലഭ്യമായ ഹെൽത്ത് ഗ്രാന്റ് വിവരം

വർഷം	സ്കീം-1		**സ്കീം-3**		സ്കീം- 4	
	ലഭ്യമായത് (₹)	ചെലവഴിച്ചത് (₹)	ലഭ്യമായത് (₹)	ചെലവഴിച്ചത് (₹)	ലഭ്യമായത് (₹)	ചെലവഴിച്ചത് (₹)
2021-2022	0	0	0	0	0	0
2022-2023	0	0	6,62,709/-	0	4,13,786/-	0
2023-2024	0	0	16,15,709/-	1,36,324/-	8,10,786/-	4,730/-
2024-2025	0	0	18,77,385/-	3,13,100/-	13,75,056/-	2,32,539/-

2021-2022 മുതൽ 2024-2025 വരെ ഹെൽത്ത് ഗ്രാന്റ് മുഖേന നടപ്പാക്കിയ പദ്ധതികൾ

ക്രമ നം.	വർഷം	പദ്ധതി നമ്പർ	പദ്ധതിയുടെ പേര്	അടങ്കൽ (₹)	ചെലവ് തുക (₹)	റിമാർക്സ്
1	2022-2023	224	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	4,13,786/-	0	-
2	2022-2023	223	ഹെൽത്ത് ഗ്രാന്റ് - രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	6,62,709/-	0	-
3	2023-2024	105	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	6,62,709/-	1,36,324/-	സ്പിൽ ഓവർ പദ്ധതി
4	2023-2024	106	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പാക്കൽ	4,13,786/-	0	സ്പിൽ ഓവർ പദ്ധതി
5	2023-2024	168	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	9,53,000/-	0	-

6	2023-2024	169	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ ഏർപ്പെടുത്തൽ	3,97,000/-	4,730/-	-
7	2024-2025	218	ആരോഗ്യകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	5,26,385/-	2,87,072/-	സ്പിൽ ഓവർ പദ്ധതി
8	2024-2025	217	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	4,13,786/-	99,414/-	സ്പിൽ ഓവർ പദ്ധതി
9	2024-2025	219	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	3,92,270/-	1,33,125/-	സ്പിൽ ഓവർ പദ്ധതി
10	2024-2025	220	രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	9,53,000/-	26,028/-	സ്പിൽ ഓവർ പദ്ധതി
11	2024-25	230	ആരോഗ്യകേന്ദ്രങ്ങളിൽ രോഗനിർണ്ണയസൗകര്യങ്ങൾ ഏർപ്പെടുത്തൽ	3,98,000/-	0	-
12	2025-2026	231	കുടുംബാരോഗ്യകേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും ഹെൽത്ത് ആന്റ് വെൽനസ്സ് പ്രവർത്തനങ്ങൾ നടപ്പിലാക്കൽ	6,32,000/-	0	-

ഹെൽത്ത് ഗ്രാന്റ് വകയിരുത്തി ഏറ്റെടുക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 ജൽജീവൻ മിഷൻ - അവലോകനം

ഭാരതത്തിലെ ഗ്രാമീണമേഖലയിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വീടുകൾക്കും 2024 – ഓടെ ഗുണഭോക്താക്കളുടെ സമൂഹസംഭാവനയോട് കൂടി സുസ്ഥിരമായ കുടിവെള്ളം എത്തിക്കുന്നതിനായി കേന്ദ്രസർക്കാർ, സംസ്ഥാനസർക്കാരുകളുമായി ചേർന്ന് നടപ്പിലാക്കുന്ന കേന്ദ്ര-സംസ്ഥാന സംയുക്ത പദ്ധതിയാണ് ജൽജീവൻ മിഷൻ. 08.06.2020 - ലെ സ.ഉ.(കൈ)നം.37/2020/ജ.വി.വ. – ഉത്തരവ് പ്രകാരമുള്ള ജൽജീവൻ മിഷൻ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് കേന്ദ്ര – സംസ്ഥാനവിഹിതം 50:50 എന്ന അനുപാതത്തിലാണ്. ഗ്രാമപ്പഞ്ചായത്തുകൾക്കാണ് പ്രധാനമായും പദ്ധതി നടത്തിപ്പിന്റെ ചുമതല. ഒന്നിലധികം പഞ്ചായത്തുകൾ ഉൾപ്പെടുന്ന പദ്ധതി ആണെങ്കിൽ ഏകോപനത്തിനായി വിവിധ ഗ്രാമപ്പഞ്ചായത്തുകൾ/ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവയിലെ അംഗങ്ങളെ ഉൾപ്പെടുത്തി ഏകോപന കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്. 2020-2021 സാമ്പത്തികവർഷം ₹880 കോടിയുടെ പദ്ധതി അടങ്കലിൽ ജൽജീവൻ മിഷന് അംഗീകാരം നൽകുമ്പോൾ പദ്ധതി നടത്തിപ്പിന്റെ പ്രാരംഭഘട്ടമെന്ന നിലയിൽ 10 % ഉപഭോക്തൃതവിഹിതവും 15 % ഗ്രാമപ്പഞ്ചായത്ത് വിഹിതവും നൽകാൻ സന്നദ്ധത അറിയിക്കുന്ന പഞ്ചായത്തുകളെ ഉൾപ്പെടുത്തി പദ്ധതി 2020-2021 വർഷം ആരംഭിച്ച് പൂർത്തീകരിക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഗ്രാമപ്പഞ്ചായത്ത് വിഹിതം, ഉപഭോക്തൃവിഹിതം എന്നിവയിൽ പ്രത്യേക പരിഗണനയുള്ള ജനവിഭാഗങ്ങൾക്ക് (ബി.പി.എൽ./ എസ്.സി./എസ്.റ്റി./ഫിഷർമെൻ) ആവശ്യത്തിനനുസരിച്ച് ഇളവുകൾ നൽകുന്ന കാര്യം പഞ്ചായത്തുകൾക്ക് സ്റ്റേറ്റ് വാട്ടർ & സാനിട്ടേഷൻ മിഷന്റെ അനുമതിയോടെ തീരുമാനിക്കാവുന്നതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിൽ നിന്നും ജൽജീവൻ മിഷൻ പദ്ധതിക്കുവേണ്ടി, കേരള ജലഅതോറിറ്റിക്ക് തുകകൾ ഒന്നും ഇതുവരെ കൈമാറിയിട്ടില്ലെന്ന്

ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.1/തീയതി. 21.10.2025) ലഭ്യമാക്കിയ പഞ്ചായത്ത് അധികൃതർ മറുപടി നൽകി.

1-24 ലൈഫ് ഭവനപദ്ധതി - ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല

വാത്തിക്കുടി ഗ്രാമപ്പഞ്ചായത്തിലെ ലൈഫ് ഭവനപദ്ധതിയിലുൾപ്പെട്ട താഴെപ്പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ക്രമ നം.	ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക (₹)
1	ശ്രീ തിലക എം. പുളിയൻകുടി	40,000
2	ശ്രീ ജയിംസ് ജോർജ് വിഴലിൽതെക്കേതിൽ	3,00,000
3	ശ്രീ കുര്യാക്കോസ് അമ്പാട്ടുകുടിയിൽ	3,00,000
4	ശ്രീ ജോസഫ്, കണ്ടം ചിറയിൽ	3,50,000
5	ശ്രീ സന്തോഷ്, വളവുപ്ളാക്കൽ	3,00,000
6	ശ്രീ മോൻസി ജോസ് തറക്കുന്നേൽ	3,00,000
7	ശ്രീമതി ചിന്നമ്മ വർക്കി കപ്യാരുകുടിയിൽ	3,00,000
8	ശ്രീ തോമസ് വാഴപ്പനാടിയിൽ	2,00,000
9	ശ്രീമതി ലിസി ഷാജി കൊച്ചുകരോട്ട്	3,00,000
10	ശ്രീമതി ശ്യാമള പടിഞ്ഞാറേഭാഗത്ത്	3,00,000
11	ശ്രീമതി ഷൈല ഷാജി പുതുപ്പറമ്പിൽ	2,40,000
12	ശ്രീ ബന്നി തോമസ് മാതിരപ്പള്ളിൽ	3,40,000
13	ശ്രീ സുദിനൻ, വിളക്കുകല്ലുങ്കൽ	3,00,000
14	ശ്രീമതി സോഫിയ വി.ഡി. കിഴക്കേൽ	3,50,000
15	ശ്രീമതി ശാലിനി പുത്തൽപറമ്പിൽ	3,00,000
16	ശ്രീമതി ത്രേസ്യാമ്മ, വട്ടപ്പറമ്പിൽ	3,00,000
17	ശ്രീ കുലൂദ് ഷക്കീർ, ആക്കോത്ത്	3,00,000
18	ശ്രീ ജഗദീഷ്, കടവുപുഴ	2,00,000
19	ശ്രീമതി ലാലി, താന്നിക്കൽ	3,00,000
20	ശ്രീതി അജിത എസ്., അറയ്ക്കൽ	3,00,000
21	ശ്രീമതി ബിന്ദു, മഠത്തിപറമ്പിൽ	2,00,000
22	ശ്രീമതി ആരതി, കിഴക്കേവിളയിൽ	3,00,000
23	ശ്രീമതി രഞ്ജുമണി, ചെരുവിൽ	3,00,000
24	ശ്രീമതി ലീല, കാവുങ്കൽ	1,40,000
25	ശ്രീമതി അമ്മിണി സോമൻ, ഓലിക്കമുറിയിൽ	40,000

ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വീഴ്ച വരുത്തുന്നവർക്കെതിരെ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 വാണിജ്യ - പൊതുസ്ഥാപനങ്ങൾ ഹരിതസ്ഥാപനമാക്കാൻ ബിൻ വിതരണം - സപ്ലൈ ഓർഡർ പ്രകാരമുള്ളവ ലഭ്യമാക്കിയില്ല - മറ്റ് അപാകങ്ങൾ - ₹39,76,086/- നിരാകരിക്കുന്നു

പദ്ധതി നം./പദ്ധതിയുടെ പേര്	235/2024-2025, പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഹരിതസ്ഥാപനമാക്കുക - ബിൻ വിതരണം
അടങ്കൽ (₹)	40,25,000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് സെക്രട്ടറി

ചെലവ് (₹)	39,76,086/-
വൗച്ചർ നമ്പർ/തീയതി/തുക (₹)	XVFC/2024-25/P/64/29.03.2025/28,00,000/-
	XVFC/2024-25/P/65/29.03.2025/1,50,000/-
	XVFC/2024-25/P/66/29.03.2025/10,26,086/-

വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത് കമ്മറ്റിയുടെ 28.02.2025 – ലെ 1(3) – നമ്പർ തീരുമാനം അനുസരിച്ച് പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യസ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളും ഹരിതസ്ഥാപനമാക്കുക എന്ന ഉദ്ദേശത്തോടെ 350 റോളർ പ്ലാസ്റ്റിക്ക് ബിൻ വാങ്ങി വിതരണം ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണിത്. പദ്ധതിക്കുവേണ്ടി GeM പോർട്ടൽ മുഖേന (Government E-Marketplace) 14 X 28 Inch വലുപ്പമുള്ള 350 എണ്ണം STAINLESS STEEL - SWING BIN – കൾ PHOENIX GLOBAL SUPPLIERS, എറണാകുളം എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ ബിന്നുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ. നം.	ഇനം	ഇൻവോയിസ് നമ്പർ	HSN - CODE	എണ്ണം	വില (₹)	വില (₹) ജി.എസ്.ടി. ഉൾപ്പെടെ)	ആകെത്തുക (₹)
1	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-073/24-25 തീയതി. 27.03.2025	73239090	87	10,143.08	11,360.25	9,88,341.75
2	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-074/24-25 തീയതി. 27.03.2025	73239090	88	10,143.08	11,360.25	9,99,702.00
3	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-075/24-25 തീയതി. 27.03.2025	73239090	88	10,143.08	11,360.25	9,99,702.00
4	STAINLESS STEEL-SWING BIN (14 X 28 Inch)	PGS-076/24-25 തീയതി. 27.03.2025	73239090	87 വാറണ്ടി/ ഗ്യാരണ്ടി/	10,143.08	11,360.25	9,88,341.75
ആകെ				350			39,76,086.00

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) മേൽ സൂചിത ഇൻവോയിസുകൾ പ്രകാരം, സ്ഥാപനം 14 ഇഞ്ച് വീതിയും 28 ഇഞ്ച് നീളവും ഉള്ള 350 സ്റ്റെയിൻലെസ് സ്റ്റീൽ ബിന്നുകളാണ് വാങ്ങിയത്. കമ്പാരിസൻ നടത്തി 14.03.2025 – ൽ സാങ്ഷൻ ഓർഡർ നമ്പർ.51168779084965 പ്രകാരം ഓർഡർ നൽകിയ ബിന്നിന്റെ വിവരം ചുവടെ കൊടുക്കുന്നു.
A) 1500 കിലോഗ്രാം കപ്പാസിറ്റി
B) Rectangular Shape ബിന്നുകൾ
C) Blue Colour ബിന്നുകൾ
D) Steel Bin Thickness = 1.6 Mm
സപ്ലൈ ചെയ്ത ബിന്നുകൾ GeM - ൽ കമ്പാരിസൻ നടത്തി ഓർഡർ നൽകിയ താഴെ പറയുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ളതല്ല. വിതരണം ചെയ്തതിൽ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ബിന്നുകൾ 24.10.2025 – ൽ പഞ്ചായത്തിലെ സാങ്കേതികവിഭാഗമായ LID &EW അസിസ്റ്റന്റ് എഞ്ചിനീയർ നേരിൽ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം ചുവടെ ചേർക്കുന്നു.
1. സിലിൻഡ്രിക്കൽ ബിൻ
2.ആന്തരികവ്യാസം = 34.50 Cm
3. ഉയരം = 71.8 Cm
4. വ്യാപ്തം = 7583 Cm3 = 0.7583 M3
5. സിലിൻഡ്രിക്കൽ ബിൻ പെയിന്റ് ചെയ്തിട്ടില്ല.

ഓഡിറ്റിന്റെ നിഗമനം

A) സപ്ലൈ ചെയ്ത ബിന്നുകൾ 1500 കിലോഗ്രാം കപ്പാസിറ്റി ഉള്ളതല്ല.
B) സപ്ലൈ ചെയ്ത ബിന്നുകൾ Rectangular Shape ബിന്നുകളല്ല.

C) സപ്ലൈ ചെയ്ത ബിന്നുകൾ Blue Colour പെയിന്റ് ചെയ്ത ബിന്നുകളല്ല.
D) സ്റ്റീൽ ബിന്നിന്റെ ഘനം പരിശോധിക്കാൻ സാധിച്ചില്ല.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.10 പ്രകാരം, GeM – പോർട്ടലിലൂടെ വാങ്ങുന്ന സാധനങ്ങൾക്ക് സ്വയം സാക്ഷ്യപ്പെടുത്തലോടെയുള്ള വാറണ്ടി/ഗ്യാരണ്ടി ഉണ്ടാകുന്നതാണ്.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.11 പ്രകാരം, ഗുണനിലവാരവും എണ്ണവും ഉത്പന്നം ലഭ്യമായി 10 ദിവസത്തിനകം വാങ്ങൽ അധികാരി ഉറപ്പാക്കേണ്ടതാണ്. വാങ്ങൽ അധികാരിക്ക് പെർഫോമൻസ് ഗ്യാരണ്ടിയായി നിശ്ചിതതുക പിടിച്ചു വയ്ക്കേണ്ടതുണ്ടെങ്കിൽ GeM പോർട്ടൽ മുഖേന സാധനങ്ങൾ വാങ്ങുമ്പോൾ അത്തരം നിബന്ധന സൂചിപ്പിക്കാവുന്നതാണ്. സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം, അനുവദിക്കപ്പെട്ടിട്ടുള്ള മറ്റ് രീതികളിലൂടെ വാങ്ങൽ നടത്തുന്നതിന് സമാനരീതിയിൽ ഗുണനിലവാരം ഉറപ്പാക്കേണ്ടത് വാങ്ങൽ അധികാരിയുടെ ഉത്തരവാദിത്തമാണ്. GeM മുഖേനയുള്ള വാങ്ങലിൽ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി നിശ്ചിതസാക്ഷ്യപത്രം ആവശ്യപ്പെടൽ, വിതരണത്തിനുശേഷമുള്ള പരിശോധനകൾ എന്നിവ വാങ്ങൽ അധികാരിയുടെ വിവേചനാധികാരമായിരിക്കുന്നതാണ്. വാർഷികഅറ്റകുറ്റപ്പണി (AMC)/ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് പ്രാദേശികകാര്യാലയങ്ങളുടെ സാന്നിദ്ധ്യം ആവശ്യമാണെങ്കിൽ വാങ്ങൽ നടത്തുന്ന അധികാരി അക്കാര്യം GeM – ൽ സൂചിപ്പിക്കേണ്ടതാണ്.

Government E-Marketplace (GeM) നിർദ്ദേശങ്ങളിലെ ഖണ്ഡിക നം.19.12 പ്രകാരം, വാങ്ങുന്നയാൾ സാധനങ്ങൾ തിരിച്ചയയ്ക്കുവാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, സാധനങ്ങൾ ലഭ്യമായതിനുശേഷം 10-ാമത്തെ ദിവസം അക്കൗണ്ടിൽ നിന്നും വിതരണക്കാരന് തുക നൽകിയെന്ന് ഉറപ്പാക്കേണ്ടത് വാങ്ങൽ അധികാരിയുടെ ഉത്തരവാദിത്വമാണ്. ഉചിതമായ ന്യായീകരണം ഉണ്ടെങ്കിൽ ലഭ്യമായി 10 ദിവസത്തിനകം ഏതൊരു സാധനവും വാങ്ങുന്നയാൾക്ക് നിരസിക്കുന്നതിനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്. നിരസിക്കുന്ന സാധനങ്ങൾക്ക് തുക നൽകേണ്ടതില്ല. 10 ദിവസത്തിനകം നിരസിക്കുന്ന സാധനങ്ങൾ യാതൊരു തുകയും ഈടാക്കാതെ തിരിച്ചെടുക്കുവാൻ വില്പനക്കാരൻ ബാധ്യസ്ഥനാണ് എന്നിരിക്കെ, സപ്ലൈ ഓർഡർ നൽകിയ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിന്നുകൾ അല്ല വിതരണം ചെയ്തിട്ടും ആയവ തിരിച്ച് നൽകാതെ മേൽ സൂചിത ബിൽ പ്രകാരം തുക അനുവദിച്ചു നൽകിയ നടപടി അംഗീകരിക്കുന്നില്ല.

അവസാന വാങ്ങൽ വിലകൾ താരതമ്യം ചെയ്യാൻ GeM - ന്റെ ബിസിനസ് അനലിറ്റിക്സ് ഉപകരണങ്ങൾ ഉപയോഗിക്കാം എന്നിരിക്കെ, ഇപ്രകാരമല്ലാത്ത വാങ്ങൽ നടത്തിയിരിക്കുന്നു.

നിർബന്ധിത താരതമ്യം : വാങ്ങുന്നയാൾ കുറഞ്ഞത് മൂന്ന് വ്യത്യസ്ത നിർമ്മാതാക്കളെയോ OEM - കളെയോ താരതമ്യം ചെയ്യുകയും ആവശ്യമായ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നിടത്തോളം ഏറ്റവും കുറഞ്ഞ വിലയുള്ളത് (L-1) തിരഞ്ഞെടുക്കുകയും വേണം. ഈ നടപടി പാലിച്ചിട്ടില്ല.

2) ബിന്നുകൾ സപ്ലൈ ചെയ്ത സ്ഥാപനത്തിന് തുക അനുവദിക്കുന്നതിന് പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശിപാർശ ഇല്ലാതിരുന്നിട്ടും തുക അനുവദിച്ചിരിക്കുന്നു.

3) സ്ഥാപനം സപ്ലൈ ചെയ്തതായി കാണിച്ചിരിക്കുന്ന വിവിധ വലുപ്പത്തിലുള്ള Cylindrical STAINLESS STEEL-SWING BIN – ന്റെ നിലവിലെ കമ്പോളവിലനിലവാരം ചുവടെ ചേർക്കുന്നു.

ക്രമ നം.	കമ്പനിയുടെ പേര് (Trade Name)	വലുപ്പം	വില

			(₹)
1	JPS Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (50 Litre)	3,999/-
2	ORCHID-Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	3,600/-
3	GRASSLAND-Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	4,290/-
4	INDIAMART- Stainless Steel Swing Dustbin/Garbage Bin	(14" X 28") Inch (60 Litre)	3,124/-
5	MOFNA-Stainless Steel Swing Dustbin/ Garbage Bin-With Side Stand	(14"x24") Inch (60 Litre)	4,719/-
6	RSI- Stainless Steel Swing Dustbin/Garbage Bin	(14"x28") Inch (60 Litre)	3,298/-

കമ്പോള വില നിലവാരം അനുസരിച്ച് വാങ്ങിയ ബിന്നിന്റെ ശരാശരി വില ₹4,000/- എന്നിരിക്കെ ₹11,360.25 എന്ന നിരക്കിലാണ് ബിന്നുകൾ വാങ്ങിയിരിക്കുന്നത്.

4) മേൽസൂചിത ഇൻവോയിസുകൾ പ്രകാരം വാങ്ങിയ 350 ബിന്നുകൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല. സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ ഉറവിടമാലിന്യങ്ങൾ സംസ്കരിക്കേണ്ടതാണെന്ന നിബന്ധനയുണ്ടായിരിക്കെ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ദേശാൽകൃതബാങ്കിലും 3 എണ്ണം വീതവും എല്ലാ അങ്കണവാടികളിലും 3 മുതൽ 5 വരെ എണ്ണം വീതവും ബിന്നുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് നിലവിലെ ഭരണസമിതി അംഗങ്ങൾ അറിയിച്ചു. വാങ്ങിയ ബിന്നുകൾ ആവശ്യത്തിലധികവും വിതരണം ചെയ്തിരിക്കുന്ന നടപടി അംഗീകരിക്കത്തക്കതല്ല. വിതരണരേഖകൾ ലഭ്യമല്ലാത്തതിനാൽ വിശദവിവരം പരിശോധിക്കാൻ സാധിച്ചില്ല.

5) മാലിന്യസംസ്കരണപരിപാടികളിൽ ശുചിത്വമിഷന്റെ നിർദ്ദേശപ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് ജി-ബിൻ, ബയോബിൻ പോലുള്ള സംവിധാനങ്ങൾ സ്ഥാപിക്കാമെന്നിരിക്കെ ഇപ്രകാരമുള്ള STAINLESS STEEL-SWING BIN അമിതവിലയ്ക്ക് വാങ്ങിയ നടപടി സർക്കാർ പണത്തിന്റെ ദുരുപയോഗമായിട്ട് വിലയിരുത്തുന്നു.

6) വാങ്ങാൻ ഉദ്ദേശിക്കുന്ന ബിന്നുകളുടെ സ്പെസിഫിക്കേഷൻ മുൻകൂട്ടി നിശ്ചയിക്കുകയോ ഓർഡർ ചെയ്ത ബിന്നുകളുടെ വില കമ്പോളവിലയുമായി താരതമ്യം ചെയ്യുകയോ വാങ്ങിയ ബിന്നുകൾ സാങ്കേതികഉദ്യോഗസ്ഥനെക്കൊണ്ട് പരിശോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

7) വാങ്ങിയ 350 ബിന്നുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. 02.05.2025 – ലെ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ 1 -ാം നമ്പർ തീരുമാനം പ്രകാരം, പദ്ധതി പ്രകാരം വാങ്ങിയ ബയോബിന്നിന്റെ ഗുണനിലവാരം, യൂണിറ്റ് കോസ്റ്റ് എന്നിവ സംബന്ധിച്ച് നിലനിൽക്കുന്ന അവ്യക്തത പരിഹരിക്കുവാൻ പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശുപാർശ ചെയ്യുവാൻ പഞ്ചായത്ത് കമ്മറ്റി തീരുമാനിച്ചുവെങ്കിലും തുടർനടപടി സ്വീകരിച്ചില്ല.

8) ആദായനികുതി നിയമം വകുപ്പ് 194 C പ്രകാരം, ₹2,50,000/- – ന് മുകളിൽ വാങ്ങൽ നടത്തുന്നതിന് 2 % TDS ഈടാക്കണമെന്ന് നിർദ്ദേശിച്ചിരിക്കെ, ഇപ്രകാരം 2 % TDS ₹79,522/- ബില്ലിൽ നിന്നും കുറവ് ചെയ്യാതെ, 350 സ്റ്റീൽ ബിന്നുകൾ വാങ്ങിയതിന്, വിതരണസ്ഥാപനത്തിന് ആകെ ₹39,76,086/- നൽകി. ബിന്നുകൾ സപ്ലൈ ചെയ്യുന്നതിനായി താഴെ സൂചിപ്പിക്കും പ്രകാരം പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്.

ക്രമ നം.	പർച്ചേസ് ഓർഡർ നം./തീയതി	ബിന്നുകൾ വിതരണം ചെയ്യുവാൻ നിർദ്ദേശിച്ച	എണ്ണം	കപ്പാസിറ്റി (കിലോഗ്രാം)	ബിൻ രൂപം

		മേൽവിലാസം			
1	511687790849651 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	87	1000	Rectangle
2	511687739273207 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	87	1500	Rectangular Blue
3	511687765959701 14.03.2025	ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻ നായർ മുരിക്കാശ്ശേരി - 685604	88	1000	Rectangular Blue
4	511687739273 14.03.2025	സെക്രട്ടറി വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത്	87	1500	Rectangular Blue

(ആകെ 350 ബിന്നുകളാണ് വിതരണം ചെയ്തതായി കാണിച്ചിരിക്കുന്നത്.

മേൽ സൂചിത പർച്ചേസ് ഓർഡറുകളിൽ ക്രമ നം.1,2,3 പ്രകാരമുള്ള 262 (87 + 87 + 88) ബിന്നുകൾ വിതരണം ചെയ്യേണ്ട മേൽവിലാസം കാണിച്ചിരിക്കുന്നത് ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻനായർ, മുരിക്കാശ്ശേരി എന്നാണ്. പഞ്ചായത്ത് സെക്രട്ടറിയുടെ ഔദ്യോഗികമേൽവിലാസം നൽകാതെ ശ്രീ ശ്രീകുമാർ ഉണ്ണികൃഷ്ണൻനായർ എന്ന വ്യക്തിയുടെ മേൽവിലാസം നൽകി ബിന്നുകൾ വിതരണം ചെയ്ത നടപടി ക്രമവിരുദ്ധമാണ്. സപ്ലൈ ചെയ്തതായി കാണിച്ചിരിക്കുന്ന 350 ബിന്നുകളുടെ വിതരണ രേഖകൾ ഇല്ലാത്തതും 262 ബിന്നുകളുടെ വിതരണക്കാരനായി വേറൊരു വ്യക്തിയെ പർച്ചേസ് ഓർഡർ പ്രകാരം നിശ്ചയിച്ചിരിക്കുന്നതും 350 ബിന്നുകൾ യഥാർത്ഥത്തിൽ വാങ്ങിയതാണോ എന്നുള്ളതിൽ സംശയം ഉളവാക്കുന്നു. കൂടാതെ ഓർഡറിൽ ഒരേ വിലയുള്ള ബിന്നുകളുടെ കപ്പാസിറ്റി 1000, 1500 കിലോഗ്രാം എന്ന് രേഖപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ഓർഡർ നൽകിയത് Rectangular Blue Colour ബിന്നാണ്. എന്നാൽ സപ്ലൈ ചെയ്തിരിക്കുന്നത് സിലിൻഡ്രിക്കൽ സിൽവർ ബിന്നാണ്. താരതമ്യേന സിൽവർ നിറത്തിലുള്ള സിലിൻഡ്രിക്കൽ ബിന്നിന് വില കുറവുമാണ്. ഇത് പരിശോധിക്കാതെയാണ് തുക അനുവദിച്ചിരിക്കുന്നത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.20/ തീയതി. 24.10,2025) മറുപടി നൽകിയില്ല. സപ്ലൈ ഓർഡറിൽ സൂചിപ്പിച്ചിട്ടുള്ള Rectangular Blue Colour എന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ബിന്നുകൾക്ക് തുക അനുവദിക്കുകയും എന്നാൽ അപ്രകാരമുള്ള ബിന്നുകൾ വിതരണം ചെയ്യാതെ Cylindrical Silver വിതരണം ചെയ്യാത്തതിനാൽ ഈ പദ്ധതിക്ക ചെലവഴിച്ച ₹39,76,086/- ഓഡിറ്റിൽ നിരാകരിക്കുന്നു. നഷ്ടത്തുക ഉത്തരവാദിയായ അസിസ്റ്റന്റ് സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 മെഡിസെപ് പ്രീമിയം - ഒടുക്ക് സംബന്ധിച്ച് പരിശോധന

മെഡിസെപ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം*	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
14	84,000	84,000	0	ഇല്ല

* 01.04.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

മെഡിസെപ് പ്രീമിയം ഒടുക്കി (01.07.2024 – ൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല				

മെഡിസെപ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025 – നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

ജീവനക്കാരുടെ എണ്ണം	സർവ്വീസിൽ പ്രവേശിച്ച മാസം	മെഡിസെപ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (₹) (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)**	മെഡിസെപ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക (₹)	ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക (₹)	റിമാർക്സ്
ബാധകമല്ല					

4-2 സംയുക്തപദ്ധതികളുടെ ഫണ്ട് വിനിയോഗവിവരം

വിഹിതം നൽകിയ സ്ഥാപനം	വർഷം	അടങ്കൽ (₹)	പദ്ധതി നം./പദ്ധതിയുടെ പേര്	ചെലവ് (₹)
ജില്ലാപ്പഞ്ചായത്ത്	2024-2025	2,00,000	90/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	1,48,700
	2024-2025	30,00,000	107/25, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	23,53,110
	2024-2025	6,83,444	116/25, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	5,95,382
ബ്ലോക്ക് പഞ്ചായത്ത്	2024-2025	3,00,000	90/25, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	2,98,900
	2024-2025	15,00,000	107/25, ക്ഷീരകർഷകർക്ക് പാലിന് ഇൻസെന്റീവ്	8,00,000

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

- ഇല്ല -

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- ഇല്ല -

4-5 വായ്പ/വായ്പയുടെ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/ തീയതി	വായ്പത്തുക (₹)	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം ലഭിച്ച തുക (₹)	തൻവർഷം തിരിച്ചടച്ച തുക (₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
					മുതൽ	പലിശ	
ജവഹർ ഭവനപദ്ധതി ലോൺ (ഐ.ഡി. സി.ബി)	സ.ഉ. (സാധാ)നം. 1577/2015/ ത.സ്വ.ഭ.വ. തീയതി. 27.05.2015	2,05,50,000	79,66,376	0	75,61,022	-	4,05,354
ഹഡ്കോ ലോൺ - ലൈഫ് ഭവനപദ്ധതി	-	3,76,60,000	2,74,07,020	15,15,142	33,12,741	-	2,56,09,421
കെ.യു.ആർ.ഡി. എഫ്.സി. ലോൺ (ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം)	സ.ഉ.സാധാ)നം. 1284/2015/ ത.സ്വ.ഭ.വ. തീയതി. 20.05.2015	1,96,66,731	3,87,828	20,03,598	23,91,426	0	0

വായ്പ രജിസ്റ്റർ സൂക്ഷിക്കുന്നില്ലാത്തതിനാൽ, വിവിധ വായ്പകൾ സംബന്ധിച്ച കണക്കുകളുടെ കൃത്യത ഉറപ്പാക്കാനായില്ല. വാർഷികകണക്ക് പ്രകാരമുള്ള തുകയാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

4-6 സ്ഥിരനിക്ഷേപം

ക്രമ നം.	സ്ഥാപനത്തിന്റ പേര്	നിക്ഷേപിച്ച തീയതി	കാലയളവ്	തുക (₹)	റിമാർക്സ്
1	ഇടുക്കി ജില്ലാപ്പഞ്ചായത്ത് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, നെടുങ്കണ്ടം സർട്ടിഫിക്കറ്റ് നം.0339	04.08.2022	1 വർഷം	15,00,000	04.08.2022 – ൽ ₹15,00,000 നിക്ഷേപിച്ചു. Maturity Due Date 04.08.2023 ആണ്. എന്നാൽ നാളിതുവരെ നിക്ഷേപം പുതുക്കിയിട്ടില്ല.

4-7 ഓഡിറ്റ് റിക്കവറി

- ഇല്ല -

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 – ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 23 പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1997-1998	30	1999-2000	-	റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ	രേഖകൾ ലഭ്യമാക്കിയില്ല
2003-2004	3-6 & 3-7	2006-2007	3.35.2	ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല	
2015-2016	2-2	2015-2016	അനുബന്ധം	വസ്തുനികുതി അപാകങ്ങൾ	രേഖകൾ

			- 4 പേജ് നം.180	ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ ഹാജരാക്കിയില്ല	ലഭ്യമാക്കിയില്ല

4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	ചാർജ്ജ് സർട്ടിഫിക്കറ്റ് (₹)		സ്വയം അടവാക്കിയ തുക (₹) (രസീത് നമ്പർ / തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (₹) (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)	റിമാർക്സ്
				നമ്പരും തീയതിയും	തുക (₹)			ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)			
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)
1	2008-2009	2-3	ശ്രീ സി. സുധാകരൻ	എൽ.എഫ്. 23456/ സ്പെ.സെൽ/ സി.എസ്.സി./ സി-1/2012/ 26.05.2015	1,17,500	-	ഇല്ല	-	-	-	1,17,500	

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ക്രമ നം.	റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ്	സർചാർജ്ജ് സർട്ടിഫിക്കറ്റ് (₹)		സ്വയം അടവാക്കിയ തുക(₹) രസീത് നമ്പർ/ തീയതി)	ഈ തുക പഞ്ചായത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (₹) (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭിച്ച തുക (₹)	അവശേഷിക്കുന്ന തുക (₹)	റിമാർക്ക്സ്
				നമ്പരും തീയതിയും	തുക (₹)				ഉൾപ്പെട്ട തുക (₹)	ഈടാക്കിയ തുക (₹)			
(1)	(2)	(3)	(4)	(5)	(6)	(7)	(8)	(9)	(10)	(11)	(12)	(13)	(14)
1	1998-1999	24	സെക്രട്ടറി	എൽ.എഫ്. 13409/Spl/ Cell/(SC)/2002 തീ. 12.09.2009	2,981		ഇല്ല					2,981	
2	1998-1999	27, 29	ശ്രീമതി ടി.എൻ. സുബൈദ സെക്രട്ടറി	എൽ.എഫ്. 13409/Spl/ Cell/(SC)/2002 തീ. 12.09.2009	7,595							7,595	
3	2000-2001	29(3)	ശ്രീ ശെൽവരാജ് സെക്രട്ടറി	എൽ.എഫ്. 21921/ സ്പെ.സെൽ എസ്.സി./2004 തീ. 03.12.2005	9,552							9,552	
4	2000-2001	27	ശ്രീ ശെൽവരാജ് സെക്രട്ടറി	എൽ.എഫ്. 17465/ സ്പെ.സെൽ എസ്.സി.2/2008 തീ. 09.06.2009	8,680							8,680	
5	2007-2008	3-13	ഡോ ബിനോദ് പി.ജി. വെറ്ററിനറി സർജൻ	എൽ.എഫ്.7500/ സ്പെ.സെൽ സി.എസ്.സി. 1/2012 തീ. 23.08.2012	4,800							4,800	
6	2007-2008	2-7	ശ്രീ ഡി. സുധാകരൻ സെക്രട്ടറി	എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012 തീ. 23.08.2012	3,500							3,500	
7	1997-1998	21	ശ്രീ കെ.എൻ. അശോകൻ സെക്രട്ടറി	എൽ.എഫ്.-20430/ സ്പെ.സെൽ/ എസ്.സി.1/2001 തീ. 13.12.2001	2,000							2,000	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് (₹)	3,55,22,646
ഓഡിറ്റ് വർഷത്തെ ആകെ വരവ് (₹)	5,80,07,815
ആകെ (₹)	9,35,30,461
ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (₹)	5,40,31,719

നീക്കിയിരിപ്പ് (₹)	3,94,98,742
വരവിനങ്ങളിലുള്ള നഷ്ടം (₹)	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം (₹)/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (₹)	39,76,086
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക (₹)	16,01,384

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1	ഇല്ല	39,76,086	ശ്രീ സുനിൽ എം.എസ്. അസിസ്റ്റന്റ് സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-13	1,39,500	ശ്രീ പ്രഷിഷാൽ കുര്യൻ ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.സ്കൂൾ
1-18	12,13,156	ശ്രീ സുനിൽ എം.എസ്. അസിസ്റ്റന്റ് സെക്രട്ടറി
1-20	3,88,228	ശ്രീ ജോജോ പി.ജി. സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക നം.3-1

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായ വരുടെ സ്ഥിരം മേൽവിലാസങ്ങൾ

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ സുനിൽ എം.എസ്. അസിസ്റ്റന്റ് സെക്രട്ടറി	അസിസ്റ്റന്റ് സെക്രട്ടറി വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത്	മുണ്ടയ്ക്കൽ വീട് പഴയരിക്കണ്ടം പി.ഒ. ഇടുക്കി ജില്ല, പിൻ – 685606
ശ്രീ ജോജോ പി.ജി. സെക്രട്ടറി	സെക്രട്ടറി ഇൻ ചാർജ്ജ് വാത്തിക്കുടി ഗ്രാമപ്പഞ്ചായത്ത്	ഗംഗ, പ്ലാവില, മുക്കോട് പി.ഒ., മുളവന കൊല്ലം

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

താഴെ കൊടുത്തിരിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാതെ അവശേഷിക്കുന്നു. തടസ്സങ്ങൾ പരിഹരിക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

വർഷം	ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	ഖണ്ഡിക നം.

2014-2015	കെ.എസ്.എ.ഐ.ഡി.കെ.13/1141/2016 തീയതി. 04.02.2017	8	2-1(2), 2-2, 3-1, 3-2, 3-3, 3-4, 3-5, 3-6
2015-2016	കെ.എസ്.എ.ഐ.ഡി.കെ.പി5/1325 (2015-2016 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി. 14.09.2022	1	3-3
2016-2017	കെ.എസ്.എ.ഐ.ഡി.കെ.പി5/1325 (2016-2017 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി. 14.09.2022	7	3-1, 3-4, 3-6, 3-7, 3-8, 3-13, 3-14
2017-2018	കെ.എസ്.എ.ഐ.ഡി.കെ.പി5/1325 (2017-2018 (അദാലത്ത്-സെപ്റ്റംബർ)/2022 തി.14.09.2022	6	3-1, 3-2, 3-3, 3-5, 3-7, 3-9
2018-2019	കെ.എസ്.എ.ഐ.ഡി.കെ.പി5/1325 (2018-2019 (അദാലത്ത്-സെപ്റ്റംബർ)/2022 തീയതി. 14.09.2022	8	1-11, 1-19, 1-24, 1-25, 1-26, 1-27, 1-28, 3-1
2019-2020	കെ.എസ്.എ.ഐ.ഡി.കെ.11/641/2022 തീയതി. 10.05.2022	7	1-13, 1-14, 1-15, 1-18, 1-19, 3-1, 3-2
2020-2021	കെ.എസ്.എ.ഐ.ഡി.കെ.11/651/2022 തീയതി. 28.05.2022	12	1-12, 1-13, 1-14, 1-16, 1-17, 1-18, 1-19, 1-20, 1-21, 1-23, 1-25, 3-1
2021-2022	കെ.എസ്.എ.ഐ.ഡി.കെ.5/1727/2023 തീയതി. 07.03.2023	19	1-3-1, 1-3-4, 1-9, 1-9-1, 1-9-2, 1-9-3, 1-9-4, 1-9-5, 1-9-6, 1-12, 1-13, 1-14, 1-15, 1-16, 1-17, 1-20, 1-22, 1-23, 1-24, 3-1
2022-2023	കെ.എസ്.എ.ഐ.ഡി.കെ.പി5/1320/2023 തീയതി. 28.12.2023	20	1-1-11, 1-9, 1-13-1, 1-13-2, 1-14, 1-15, 1-18, 1-21, 1-22, 1-23, 1-25, 1-26, 1-27, 1-28, 1-29, 1-30, 1-31, 1-32, 1-33
2023-2024	നം.കെ.എസ്.എ.ഐ.ഡി.കെ.പി5/940/2024 തീയതി. 06.11.2024	45	1-1-1, 1-1-2, 1-1-3, 1-1-6 മുതൽ 1-1-14 വരെ, 1-3-1, 1-8 മുതൽ 1-35 വരെ, 3-1, 3-2, 3-3, 4-7 മുതൽ 4-10 വരെ

ഡെപ്യൂട്ടി ഡയറക്ടർ

Annexure 1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 26-06-2025 and submitted on 27-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Vathikudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State / Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/ guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Vathikudy Grama Panchayat as on 31-03-2025

Date: 07/01/2026

Deputy Director
District Office Idukki
Kerala State Audit Department

Audit Report appended to the Audit Certificate of Vathikudy Grama Panchayat for the Year 2024-2025

.

1.Major Observations

--

2.Other Observations

1)The following madatory financial statements prescribed in accounting rules are not submitted for audit

(i) Notes to accounts (ii) Ratios.

2)Cash flow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3)Lapses in making timely and accurate demand entries in repect of tax and non tax revenues.

4)Grant laibility amounts shown as laibility in balance sheet do not match with the bank account opened for the specific grant account.

5)Lack of authenicated journal vouchers for supporting the adjustment entries recorded in prior period items.

6)The following registers are not maintained-

Stock Register, Loan Register, Advance Register, Investment Register, Audit recovery register,Grant Appropriation controll Register.

7)Liability amounts remain unadjusted.

8)Bank account not included in the AFS.

9)Mismatch of the amounts recorded under B-16 schedule and B-5 schedule in Balance Sheet.

10)Account statement not submitted for audit

11)CFC GRANT-difference between AFS and grant statement

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്